For Private Circulation Only

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA

## ജാഗ്രത ന്യൂസ് NEWS

April 2018
Issue 263



പൊതുസമൂഹത്തിന്റെ കാവലാളുകളാണ് നാം .......... 2
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

തൊഴിലാളി സംഘടനകൾ പ്രവാചക ശക്തിയാകണം .......... 3
കെസിബിസി യുടെ മെയ്ദിന സന്ദേശം – 2018

സുവിശേഷ സംസ്കാരം വളർത്തുന്നവരാണ് മിഷനറിമാർ ................ 4
– ജസ്റ്റിസ് കുര്യൻ ജോസഫ്

ബോണക്കാട് കുരിശുമല–ജീവിക്കുന്ന രക്തസാക്ഷികൾക്ക് ദൈവം നല്കിയ സമ്മാനം. അത് സംരക്ഷിക്കപ്പെടണം ................. 6
റവ. ഡോ. ജയരാജ് ജെ. ആർ.

സ്വകാര്യ വെളിപാടുകളും സഭയും .................. 10
ഫാ. ജോഷി മയ്യാറ്റിൽ

ദയാവധം: ഒരു മൗലികാവകാശമോ? .................. 12
ഫാ. പോൾ മാടശേരി

മദ്യത്തിനെതിരേയുള്ള പോരാട്ടം ശക്തമാക്കണം .................. 14
കെസിബിസി

കർഷകസമരം നല്കുന്ന പാഠങ്ങൾ .............. 15
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി. എസ്. റ്റി

ചിറകരിയാൻ ഇറങ്ങിയവർ കുടപിടിക്കുമ്പോൾ .............. 16
ഫാ. വർഗീസ് വള്ളിക്കാട്ട്


കെസിബിസി, സിബിസിഐ പ്രസ്താവനകൾ, വാർത്തകൾ

ജാഗ്രത വാർത്തകൾ .............. 19

പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നതി സഭയുടെ ലക്ഷ്യം .......20

സന്ദേശം

# പൊതുസമൂഹത്തിന്റെ കാവലാളുകളാണ് നാം



**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
**(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)**

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിലും (നമ്പർ 1897) ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ ചാക്രികലേഖനത്തിലും (ഭൂമിയിൽ സമാധാനം) രാഷ്ട്രീയാധികാരത്തെക്കുറിച്ച് വ്യക്തമായ നിർവചനമുണ്ട്: "ജനങ്ങളുടെയിടയിലായാലും രാഷ്ട്രത്തിന്റെ പ്രതിനിധികളായിരിക്കുന്ന സ്ഥാപനങ്ങളിലായാലും ധാർമികക്രമത്തിന്റെ പരിധിക്കുള്ളിലായിരിക്കണം രാഷ്ട്രീയാധികാരം കൈകാര്യം ചെയ്യപ്പെടുന്നത്. പൊതുക്ഷേമമായിരിക്കണം അതിന്റെ ലക്ഷ്യം. ഈ പൊതുക്ഷേമത്തെക്കുറിച്ച് ചലനാത്മകമായ ഒരു ധാരണയുണ്ടായിരിക്കണം. നൈയാമികമായി നടപ്പിലാക്കിയിരിക്കുന്നതോ നടപ്പിലാക്കാനിരിക്കുന്നതോ ആയ നിയമവ്യവസ്ഥിതിക്ക് ഇണങ്ങുന്ന വിധത്തിലേ രാഷ്ട്രീയാധികാരം വിനിയോഗിക്കാവൂ. അങ്ങനെ അധികാരം കൈകാര്യം ചെയ്യപ്പെടുമ്പോൾ അത് അനുസരിക്കാൻ പൗരന്മാർ മന:സാക്ഷി പ്രകാരം ബാധ്യസ്ഥരാണ്."

രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിന്തകളും മേൽ ഉദ്ധരിച്ച ആശയങ്ങൾ ശരിവയ്ക്കുന്നുണ്ട്, 'ഹരിജൻ' എന്ന മാസികയിൽ (27 - 5 - 1939) അദ്ദേഹം എഴുതി: "സമൂഹത്തിലെ വിഭിന്ന ജനവിഭാഗങ്ങളുടെ ശാരീരികവും സാമ്പത്തികവും ആദ്ധ്യാത്മികവുമായ വിഭവങ്ങൾ സമാഹരിച്ച് അത് പൊതു നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന സുന്ദരമായ കലയും ശാസ്ത്രവുമാണ് ജനാധിപത്യം."

കേന്ദ്ര - സംസ്ഥാനഭരണകൂടങ്ങൾ ഈ നാളുകളിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത് ശരിയായ ജനാധിപത്യ കാഴ്ചപ്പാടോടു കൂടിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മദ്യശാലകൾ തുറക്കാൻ നിയമങ്ങൾ കഴിയാവുന്നത്ര ലഘൂകരിക്കുകയും വിദ്യാലയങ്ങളും അനാഥരെ സംരക്ഷിക്കാനുള്ള സ്ഥാപനങ്ങൾ പോലും നടത്താനുള്ള നിയമങ്ങൾ ആർക്കും പാലിക്കാനാവാത്തതാക്കിതീർക്കുകയും ചെയ്യുന്ന ഭരണാധികാരികളുടെ നടപടികൾ പൊതുസമൂഹത്തെ പോലും ഇന്ന് അമ്പരപ്പിച്ചിട്ടുണ്ട്.

ഈ ലോകത്തിലാണ് സഭ തീർത്ഥാടനം ചെയ്യുന്നത്. സഭാവിശ്വാസികളും സഭയെ നയിക്കുന്നവരുമെല്ലാം പ്രലോഭനങ്ങളെ ചെറുത്തുകൊണ്ട് അഴിമതിക്കെതിരേ പോരാടണമെന്ന് ഫെബ്രുവരി മാസത്തിലെ പ്രാർത്ഥനാനിയോഗത്തിൽ ഫ്രാൻസിസ് പാപ്പ അഭ്യർത്ഥിച്ചിരുന്നു. കർഷകർക്കെതിരേയുള്ള ഭരണകർത്താക്കളുടെ മനോഭാവത്തിലും സമീപനത്തിലും ചിലപ്പോഴെങ്കിലും അഴിമതിയുടെ ഗന്ധമുണ്ട്. കീഴാറ്റൂരിൽ കച്ചവടക്കാരെ രക്ഷിക്കാൻ നെൽവയലുകൾ മണ്ണിട്ടുനികത്താൻ അത്യാവേശം കാണിക്കുന്ന ഭരണകർത്താക്കൾ കർഷകരെ ചവിട്ടിമെതിക്കുമ്പോൾ ആ ഓരോ കാൽവെപ്പുകളിലും നിക്ഷിപ്തതാല്പര്യങ്ങളുടെ ചെളിപുരണ്ടിട്ടുണ്ടോയെന്ന സംശയം പലർക്കുമുണ്ട്.

ശരിയായ ജനാധിപത്യം നിലനില്ക്കണമെങ്കിൽ സഹിഷ്ണുത കൂടിയേതീരൂ. അസഹിഷ്ണുത നിറഞ്ഞ സർക്കാർ നടപടികൾ ഭരണകർത്താക്കളിലുള്ള വിശ്വാസരാഹിത്യമേ ഉളവാക്കൂ. മതേതരസ്വഭാവവും നാനാത്വത്തിലെ ഏകത്വവുമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ കാതൽ. ന്യൂനപക്ഷങ്ങളുടെയും ദുർബലജനവിഭാഗങ്ങളുടെയും അനന്യത, വ്യക്തിത്വം, സാംസ്കാരിക പൈതൃകം എന്നിവയെല്ലാം ചോദ്യം ചെയ്യപ്പെടുമ്പോൾ അത്തരം ഭരണനടപടികളിലെ ജനാധിപത്യവിരുദ്ധ സ്വഭാവം ചൂണ്ടിക്കാണിക്കാൻ ഓരോ ഭാരതീയർക്കും കടമയുണ്ട്.

ന്യൂനപക്ഷങ്ങൾ ഈ രാജ്യത്തിന്റെ തന്നെ ഭാഗമാണെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണഘടനാപരമായ ചുമതല തങ്ങൾക്കുണ്ടെന്നും ചിലപ്പോഴെങ്കിലും ഭരണകർത്താക്കളെ ഓർമ്മിപ്പിക്കേണ്ട നാളുകളാണിത്. നിസ്സംഗതയും ഉദാസീനതയും ഒത്തുതീർപ്പ് മനോഭാവവും എക്കാലത്തും ജനാധിപത്യത്തിന് ആപത്തായിട്ടുണ്ടെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

ദേശീയതയെന്നത് ഓരോ ഭാരതീയന്റെയും ഹൃദയത്തിലുള്ള കെടാവിളക്കാണ്. ആ ദീപപ്രകാശം എല്ലാ ഭാരതീയരിലേക്കും പ്രസരിക്കുന്നുമുണ്ട്. എന്നാൽ ദേശീയതയുടെ കാവലാളുകൾ എന്ന പേരിലും, ഭാരതീയ പൈതൃകങ്ങളുടെ ധാർഷ്ട്യവാഹകർ എന്ന പേരിലുമുള്ള ചില നിക്ഷിപ്ത താല്പര്യക്കാരുടെ പ്രവർത്തനങ്ങളെ ചെറുക്കാനുള്ള ജാഗ്രത നാം പ്രകടിപ്പിച്ചേ പറ്റൂ. ആലസ്യത്തിലാഴാതെ, ഉണർന്നിരിക്കണം നാം. കാരണം, ഈ രാജ്യത്തെ നന്മനിറഞ്ഞ പൊതുസമൂഹത്തിന്റെ കാവലാളുകളാണ് നാം.

**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

Chairman
Bp. Joshua Mar Ignathios

Vice Chairmen
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

Secretary
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com



# തൊഴിലാളി സംഘടനകൾ പ്രവാചക ശക്തിയാകണം

[കേരള മെത്രാൻ സമിതിയുടെ മെയ്ദിന സന്ദേശം - 2018]

തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക - മത്സ്യ വ്യവസായരംഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരിക്കുകയാണ്.

കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂചനയാണ് നല്കുന്നത്.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്ര സർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ

മാരുടെയും ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു

മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭവിച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്രമല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴിലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജതരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി. **(സംക്ഷിപ്തം)**

# സുവിശേഷ സംസ്കാരം വളർത്തുന്ന വരാണ് മിഷനറിമാർ

*[മിഷനറിമാരുടെ മഹാസംഗമം 2018, പി.ഒ.സി]*

**ജസ്റ്റിസ് കുര്യൻ ജോസഫ്**

വിശ്വാസം ജീവിക്കുന്നവരും ജീവിതം കൊണ്ട് ക്രിസ്തുവിന്റെ സുവിശേഷം പകരുന്നവരുമാണ് പ്രേഷിതർ. ആലംബഹീനരുടെ അന്തസ്സുയർത്തുന്ന പ്രവൃത്തികളാണ് യഥാർത്ഥ മിഷൻ പ്രവർത്തനം. നാം മിഷനറിമാരായി പ്രവർത്തിക്കുന്നില്ല; മിഷനറിമാരായി ജീവിക്കുകയാണ്. "ഭാരതമേ, നിന്റെ രക്ഷ നിന്റെ മക്കളിൽ" എന്ന ലിയോ പതിമൂന്നാമൻ പാപ്പയുടെ ആഹ്വാനം പ്രാവർത്തികമാക്കേണ്ടവരാണ് മിഷനറിമാർ. വിദേശമിഷനറിമാർ നാടും വീടും പൂർണമായി ഉപേക്ഷിച്ച് പ്രേഷിതത്വം ചെയ്തു വളർത്തിയതാണ് ഭാരതസഭ. സ്വദേശങ്ങളിൽനിന്ന് ആഴത്തിലേക്ക് വലയിടാൻ പോന്നവരാണ് വി. തോമാശ്ലീഹായും വി. ഫ്രാൻസിസ് സേവ്യറും മറ്റു വിദേശ മിഷനറിമാരും. അവർ പിടിച്ച മീനാണ് നമ്മൾ. തലമുറകളായി കൈമാറിയ ഈ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് പോകേണ്ടവരാണ് നാം. ഒരുപക്ഷേ പ്രേഷിത പ്രവർത്തനം എന്നു പറയുന്നത് സംസ്കാര ങ്ങൾക്കു പാലം പണിയുക *(Bridging culture)* എന്നതിലുപരി സുവിശേഷമൂല്യമെന്ന പുതു സംസ്കാരം പരിചയപ്പെടുത്തുന്നതായിരിക്കണം. സുവിശേഷ സംസ്കാരം വളർത്തുന്നവരാണ് മിഷനറിമാർ. സംസ്കാരങ്ങൾ പരസ്പരബന്ധിതമാണ്. സുവിശേഷ ജീവിതമാണ് സംസ്കാരം. മന:സാക്ഷിയുടെ, നീതിബോധത്തിന്റെ,

സഹ വർത്തിത്വത്തിന്റെ, സമന്വയത്തിന്റെ അപരനെക്കുറിച്ചുള്ള ഉത്ക്കണ്ഠയുടെ സംസ്കാരമാണ് ക്രൈസ്തവ തനിമ. അത് ജീവന്റെ സംസ്കാരമാണ്.

മിഷനറിമാർ വിശ്വാസം പറഞ്ഞുതന്നില്ല, പകർന്നു തന്നു. വിശ്വാസം പഠിപ്പിച്ചില്ല; കാണിച്ചു തന്നു. ജീവിതത്തിലൂടെ പകർന്നത് വിശ്വാസമാണ്. മതാധ്യാപകരല്ല മിഷനറിമാർ. വിശ്വാസം ജീവിക്കുന്ന പ്രവാചകനാണ് മിഷനറി. അപരന്റെ വേദനയും കരച്ചിലും കണ്ട് അസ്വസ്ഥപ്പെട്ട് തന്നിൽ നിന്നും സ്വദേശത്തുനിന്നും പുറത്തേക്കു പോകുന്നവനാണ് മിഷനറി. "നീ എന്തുകൊണ്ടാണ് കരയുന്നത്?" എന്ന ചോദ്യം മിഷനറി ചോദ്യമാണ്.

നാം പരിചയപ്പെടുത്തുന്ന സംസ്കാരം സ്നേഹത്തിന്റേതാണ്. സ്വയം ന്യായീകരിച്ച് അപരനെ വിമർശിക്കുന്ന സംസ്കാരമല്ല അത്. അപരനിലെ നന്മയെ അംഗീകരിച്ച് അവനവനിലെ നന്മയെ പകരലാണ് മിഷൻ. അത്തരം മിഷനറിമാർക്ക് എപ്പോഴും സ്വീകാര്യതയുണ്ട്. പടിയറ പിതാവ് പറയുമായിരുന്നു: ''ഈശോയുള്ള ഓരോരുത്തനും മിഷനറിയാണ്; ഈശോയില്ലാത്ത ഓരോരുത്തനും മിഷൻ മേഖലയാണ്".

ഇന്നത്തെ യുവതലമുറയിൽ മൂല്യങ്ങൾക്കു മൂല്യമില്ല! മൂല്യബോധമുള്ള വിശ്വാസജീവിതം ഇന്ന് അനിവാര്യമാണ്. രണ്ടാം തലമുറയുടെ അസ്തിത്വ ദു:ഖം പരിഹരിക്കാൻ മൂല്യബോധമുള്ള മിഷനറിക്കേ കഴിയൂ.

ലോകത്തോടു പ്രഘോഷിക്കുന്നവരാണ് മിഷനറിമാർ, സകല മനുഷ്യർക്കും വേണ്ടിയുള്ള സദ്വാർത്ത നല്കുന്ന തുറന്ന പുസ്തകമായി ജീവിക്കുന്നവരാണ് മിഷനറിമാർ.

*A mission without a vision is problematic.* ഇന്ന് മിഷൻ പ്രദേശങ്ങളിലെ മിഷൻ എന്താണ്? മിഷന്റെ നമ്മുടെ വിഷൻ എന്താണ്? ദർശനമില്ലാത്ത മിഷൻ ദ്രോഹകരമാണ്. മിഷനിൽ പ്രശ്നക്കാർ വിഷനില്ലാത്ത മിഷനറിമാരും മിഷനില്ലാത്ത വിഷനറിമാരുമാണ്. ഇരുന്നു കണക്കുകൂട്ടാൻ ഈശോ പറഞ്ഞത് വിഷനുള്ള മിഷനെക്കുറിച്ചാണ്. നാം ഇന്ന് ശരിക്കും മിഷനാണോ ചെയ്യുന്നത്?

നമ്മുടെ വല ആഴങ്ങളിലല്ല. ഇടയനില്ലാത്ത ആട്ടിൻ പറ്റമാണ് ആഴമുള്ളത്. ഇടയനുള്ള ആട്ടിൻപറ്റം ആഴമില്ലാത്തതാണ്. ഇടയനില്ലാത്തിടത്താണ് മിഷൻ ചെയ്യേണ്ടത്. കുളത്തിൽ വളർത്തിയ മീൻ വീണ്ടും വീണ്ടും പിടിക്കുന്നവരാകരുത്. *Virgin ponds* ഇല്ലേ? പിടിക്കാൻ ആളില്ലാത്ത കുളങ്ങളും മീനുകളുമാണ് മിഷനറിമാർ അന്വേഷിക്കേണ്ടത്. **(സംക്ഷിപ്തം)**






**റവ. ഡോ. ജയരാജ് ജെ. ആർ.**
മീഡിയ ഡയറക്ടർ, നെയ്യാറ്റിൻകര രൂപത

## അല്പം ചരിത്രം

തിരുവനന്തപുരം ജില്ലയിൽ വിതുര പഞ്ചായത്തിൽ സമുദ്രനിരപ്പിൽ നിന്നും 3600 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു പ്രദേശമാണ് ബോണക്കാട്. അതിനു മുകളിൽ തല ഉയർത്തി നിൽക്കുന്ന ബോണക്കാട് കുരിശുമല ആ പ്രദേശത്തിന്റെ പവിത്രത എടുത്തു കാണിക്കുന്നു. ഇന്ത്യ സ്വതന്ത്രയാകുന്നതിനു മുൻപു തന്നെ ആരംഭിച്ച ബോണക്കാട് തേയിലത്തോട്ടവും ഈ തേയിലത്തോട്ടത്തിലെ തൊഴിലാളികളുടെ ആത്മീയആവശ്യങ്ങൾ നിറവേറ്റാനായി സ്ഥാപിതമായ ദൈവാലയവും ഇവിടെ സ്ഥിതിചെയ്യുന്നു. തേയിലത്തോട്ടത്തിലെ തൊഴിലാളികളിൽ ഏറിയപങ്കും തമിഴ്നാട്ടിൽ നിന്നുമുള്ള പുരാതന ക്രൈസ്തവ രായിരുന്നു.

എസ്റ്റേറ്റ് ഭൂമിയിൽ നിന്നും നൽകിയ 90 സെന്റ് വസ്തുവിലാണ് ബോണക്കാട് അമലോത്ഭവ മാതാ ദേവാലയം സ്ഥിതിചെയ്യുന്നത്. തേയില ത്തോട്ടം ആരംഭിച്ച നാൾ മുതൽ തന്നെ ഇവിടെ ആരാധന നടന്നുവന്നിരുന്നു. 1938 ൽ പുണ്യ സ്മരണാർഹനായ മോൺ. മാനുവൽ അൻപുടയാൻ ദേവാലയത്തിന്റെ പണി ആരംഭിക്കുകയും 1940 ൽ പണി പൂർത്തീകരി ക്കുകയും ചെയ്തു. 1942 മുതൽ 1953വരെ പുണ്യ സ്മരണാർഹനായ അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേര തിരുമേനിയും തുടർന്ന് 1965 വരെ റവ. ഫാ. ടെലസ്ഫോറും ബോണക്കാട് വികാരിമാരാ യിരുന്നു. 1957 ൽ അന്നത്തെ വികാരിയായിരുന്ന റവ. ഫാ. ടെലസ്ഫോർ വിശ്വാസികൾക്ക് കാൽവരി അനുഭവം പകർന്നു നൽകാനായി ആ പ്രദേശ ത്തിലെ ഏറ്റവും ഉയർന്ന മലയുടെ നെറുകയിൽ ഒരു കുരിശു സ്ഥാപിക്കുകയുണ്ടായി. അന്ന് ബോണക്കാട് ഉപദേശിയായിരുന്ന ശ്രീ. രാജ മണിയും ഒരു കൂട്ടം വിശ്വാസികളും ഫാ. ടെലസ്ഫോറിനോടൊപ്പം ഉണ്ടായിരുന്നുവെന്നും, വിതുര ദേവാലയത്തിലുണ്ടായിരുന്ന കുരിശാണ് അവിടെ കൊണ്ട് പ്രതിഷ്ഠിച്ച തെന്നുമുള്ള അറിവ് വിതുര ദേവാലയത്തിലെ മുൻ ഉപദേശി ശ്രീ. ജോസഫ് ജോൺ ഇന്നും ഓർമ്മയിൽ സൂക്ഷിക്കുന്നു.

കുരിശുസ്ഥാപനത്തിനുശേഷം അവിടെ യാതൊരുവിധ പ്രകൃതി ദുരന്തമോ, വന്യജീവി

ആക്രമണമോ നടന്നിട്ടില്ലെന്ന് പഴമക്കാർ വിശ്വസിക്കുന്നു. 1964– ലെ ഉരുൾപൊട്ടലിൽ ഈ മല ഒഴികെയുള്ള സമീപമലകൾ ഒലിച്ചുപോയത് വിശ്വാസത്തിന്റെ തീവ്രത വർദ്ധിപ്പിച്ചു. ഈ മലയിൽ നിന്നും അന്നുമുതൽ പുറപ്പെട്ട, ഒരിക്കലും വറ്റാത്ത നീരുറവ അത്ഭുതരോഗസൗഖ്യം നല്കുന്നുവെന്ന് തിരിച്ചറിഞ്ഞതോടുകൂടി നാനാജാതിമതസ്ഥരായ വിശ്വാസികൾ കൂടുതലായി ഇവിടെ വന്നുതുടങ്ങി. പല വീടുകളിലും വറ്റിക്കിടന്ന കിണറുകളിൽ ഈ നീരുറവയിലെ ജലം ഒഴിച്ചശേഷം നാളിതുവരെ ജലദൗർഭല്യം ആ കിണറുകളിൽ ഉണ്ടായിട്ടില്ല എന്ന് വിശ്വാസികൾ സാക്ഷ്യപ്പെടുത്തുന്നു.

1987 മുതൽ തപസ്സുകാലങ്ങളിൽ, വിശേഷിച്ച് വിശുദ്ധവാരത്തിൽ വിതുരയ്ക്ക് പുറത്തുനിന്നുള്ള വിശ്വാസികളും ഇവിടെ വന്നുതുടങ്ങി. ക്രൈസ്തവരെപ്പോലെതന്നെ ഇതരമതസ്ഥരും നേർച്ചകെട്ടി കൂട്ടത്തോടെ ഈ മലമുകളിലെത്തി കുരിശിൻ ചുവട്ടിൽ പ്രാർത്ഥിച്ച് മടങ്ങുമായിരുന്നു. 1996ൽ നെയ്യാറ്റിൻകര രൂപത സ്ഥാപിതമാകുകയും 1998 ഓടുകൂടി വിതുര ഇടവകയുടെ നേതൃത്വത്തിൽ മലയിലേക്ക് സംഘടിതമായ തീർത്ഥാടനം ആരംഭിക്കുകയും ചെയ്തു. 2008 മാർച്ച് മാസം 10–ാം തിയതി ബോണക്കാട് കുരിശുമലയെ ഔദ്യോഗിക തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും, തുടർന്ന് നെറുകയിൽ സ്ഥാപിച്ചിരുന്ന കുരിശിനു പുറമെ 13 കുരിശുകൾകൂടി സ്ഥാപിക്കുകയും ചെയ്തു. ഇതിൽ 9 എണ്ണം എസ്റ്റേറ്റ് ഭൂമിയിലും 4 എണ്ണം വനഭൂമിയിലുമാണ്.

തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചശേഷം കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആയിരക്കണക്കിന് വിശ്വാസികൾ മലകയറുന്നതിനായി ഇവിടെ എത്തിച്ചേർന്നു തുടങ്ങി.1998 മുതൽ കെ.എസ്.ആർ.ടി.സി. യും, വനം വകുപ്പും, പോലീസും, പഞ്ചായത്ത് അധികാരികളും തീർത്ഥാടനകേന്ദ്രത്തോട് സഹകരിച്ചുവരുന്നു. ഇതിനായുള്ള യാത്രാ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സഹായങ്ങളും നൽകി വന്നിരുന്നു. ഓരോ തീർത്ഥാടന കാലത്തും വഴികൾ നന്നായി തെളിക്കുക, കുരിശുകളുടെ അറ്റകുറ്റപണികൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിയിരുന്നു. ജാതിമതവ്യത്യാസമില്ലാതെ അന്നാട്ടിലെ ഏവരും സഹകരിക്കുകയും ചെയ്തിരുന്നു. തീർത്ഥാടനത്തോട് അനുബന്ധിച്ചു നടത്തുന്ന മതസാംസ്കാരിക സമ്മേളനങ്ങളിൽ മന്ത്രിമാരും ജനപ്രതിനിധികളും സാംസ്കാരിക നായകൻമാരും പങ്കെടുത്തു വരാറുമുണ്ട്.

## ഞങ്ങൾക്ക് പറയുവാനുള്ളത്

1. ബോണക്കാട് കുരിശുമലയിൽ 60 വർഷക്കാലമായി വിശ്വാസികൾ ഉയർത്തിയ പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ് അവിടുത്തെ കുരിശ്. ആ പ്രതിഷ്ഠ ആർക്കും തോന്നുംപോലെ തച്ചുതകർക്കാൻ കഴിയില്ല. ശബരിമലയും, വഴുക്കൻപാറയും അഗസ്ത്യാർകൂടം പോലെ കേരളത്തിലെ ഓരോ മലയിലും കാട്ടിലും ആൽത്തറകളിലും ഉയർന്നിട്ടുള്ള ബഹുമാന്യമായ മതപ്രതീകങ്ങൾ പോലെ, പ്രതിഷ്ഠകൾപോലെ ബഹുമാനിക്കപ്പെടേണ്ട ഒന്നാണെന്ന് മനസ്സിലാക്കണം. ആ കുരിശിന്റെ പേരിൽ ഒരുതുണ്ട് ഭൂമിപോലും വെട്ടിപ്പിടിച്ചിട്ടില്ല. അതിന് ഞങ്ങൾക്ക് യാതൊരു താൽപ്പര്യവുമില്ല.

2. ഈ കാലയളവിൽ വൃദ്ധർ, രോഗികൾ, കഷ്ടതയനുവിക്കുന്നവർ തുടങ്ങി നാനാജാതി മതസ്ഥർ ത്യാഗം സഹിച്ച് ആ മലകയറിയത് ഒട്ടേറെ അനുഗ്രഹങ്ങൾ ആ കുരിശിന്റെ പ്രതിഷ്ഠ അവർക്കുനൽകിയതുകൊണ്ടാണ്. ഈ കുരിശ് ശക്തിയുള്ളതാണെന്ന തിരിച്ചറിവാണ് മലകയറാൻ ജനങ്ങളെ അറുപതുവർഷക്കാലമായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

3. അനുഗ്രഹത്തിന്റെ ഈ പ്രതിഷ്ഠ എന്നും അവിടെ ഉണ്ടാകണം എന്നതാണ് വിശ്വാസികളുടെ ആഗ്രഹം. അവിടെ അവകാശവാദം ഉന്നയിക്കാതെ, ആ കുരിശിന്റെ പ്രതിഷ്ഠയുടെ പവിത്രത കളങ്കപ്പെടുത്താതെ, ആരും തടസ്സം പറയാതെ നാനാജാതി മതസ്ഥരായ വിശ്വാസികൾക്ക് യഥേഷ്ടം എത്തിച്ചേർന്ന്, അറുപതുവർഷം മുൻപ് സ്ഥാപിക്കപ്പെട്ട ആ കുരിശിന്റെ പ്രതിഷ്ഠയിൽ തന്നെ ആരാധന നടത്തുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

4. വനമേഖലയിൽ സ്ഥിതിചെയ്യുന്ന നിരവധി ഹൈന്ദവ ആരാധനാലയങ്ങൾക്ക് സംരക്ഷണം നൽകുന്നതുപോലെ ക്രൈസ്തവ ആരാധനാലയങ്ങൾക്കും സംരക്ഷണം നല്കേണ്ടതാണ്.

## പ്രശ്നങ്ങളുടെ നാൾവഴി

1. നിർഭാഗ്യകരമെന്നു പറയട്ടെ, നാനാ ജാതി മതസ്ഥർ ഏകോദരസഹോദരങ്ങളെ പോലെ കഴിഞ്ഞിരുന്ന ഈ പുണ്യസ്ഥലത്ത് ഗൂഢോദ്ദേശത്തോടെ സാമൂഹ്യവിരുദ്ധർ 2017ലെ തീർത്ഥാടന ത്തിനുശേഷം2017ആഗസ്റ്റ് 11ന് ബോണക്കാട് എസ്റ്റേറ്റിലെ മൂന്ന് കുരിശുകൾ തകർത്തു. പോലീസിൽ പരാതി നല്കിയെങ്കിലും



കുറ്റക്കാർക്കെതിരെ ഇന്നേവരെ യാതൊരു നടപടിയും എടുത്തുകണ്ടില്ല.

2. 2017 ആഗസ്റ്റ് 19 ന് നെറുകയിലെ വലിയ കുരിശും,1957 ൽ സ്ഥാപിച്ചിരുന്ന കുരിശും തകർക്കുകയുണ്ടായി. ഇതിൽ സംശയകരമായ വ്യക്തികളെ തെളിവുകൾ സഹിതം ചൂണ്ടിക്കാണിച്ചിട്ടും യാതൊരു നിയമനടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല.

3. ആയതിനാൽ വിശ്വാസികൾ, പ്രതിഷേധം ആരംഭിച്ചു. എന്നാൽ പ്രതിലോമശക്തികൾ അടുത്ത നാളുകളിൽ മത സ്പർദ്ധ വളർത്തുന്നതും, രാജ്യത്തോട് യാതൊരുകൂറും ഇല്ലാത്ത തരത്തിൽ ധർണനടത്തുകയും വെല്ലുവിളിക്കുകയും അസഭ്യവാക്കുകൾ വിളിച്ചോതുകയും സഭ്യമല്ലാത്ത ഭാഷയിൽ ബോർഡുകൾ വയ്ക്കുകയും ചെയ്തുവരുന്നു.

4. ഈ പ്രകടനങ്ങളും ക്രമസമാധാന ച്ചട്ടങ്ങളെ വെല്ലുവിളിക്കുന്നതുമായ നിയമലംഘനങ്ങളും നടന്നിട്ടും നിയമപാലകർ അവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചു കണ്ടില്ല. 2017 ലെ തീർത്ഥാടനത്തിനു ശേഷം ബി.ജെ.പി. നേതാവ് കുരിശുമല സന്ദർശിച്ചിരുന്നു. അതിനുശേഷമാണ് വൻതോതിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകുന്നത്.

5. കാലാകാലങ്ങളായി നിലനിന്നിരുന്ന സ്ഥിതി പുനഃസ്ഥാപിക്കുന്നതിനായി ഗത്യന്തരമില്ലാതെ 2017 ആഗസ്റ്റ് 20 മുതൽ പ്രക്ഷോഭം ആരംഭിക്കേണ്ട അവസ്ഥയിലേക്ക് ഞങ്ങളെ നിർബന്ധിതരാക്കി. 2017 ആഗസ്റ്റ് 24 ന് അനിശ്ചിതകാല രാപകൽ സമരം വിതുര ഫോറസ്റ്റ് ഓഫീസിനു സമീപം ആരംഭിച്ചു. 2017 ആഗസ്റ്റ് 29ന് സെക്രട്ടേറിയേറ്റ് പടിക്കൽ ഉപവാസ സമരം നടത്താൻ തീരുമാനിച്ച ഞങ്ങളെ, ബഹു. വനംവകുപ്പ് മന്ത്രിയും ബഹു. വനംവകുപ്പ് സെക്രട്ടറിയും സി.സി.എഫ്., ഡി.എഫ്.ഒ., തുടങ്ങിയ ഉദ്യോഗസ്ഥരും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരും സഭാമേലധ്യക്ഷൻമാരുമായുള്ള ചർച്ചയിൽ സമരത്തിൽ നിന്നും പിൻതിരിപ്പിക്കുകയും 10 അടി ഉയരത്തിൽ മരക്കുരിശ് സ്ഥാപിച്ച് തൽസ്ഥിതി തുടരാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 2017 ആഗസ്റ്റ് 31 ന് മരക്കുരിശ് സ്ഥാപിക്കുകയും ചെയ്തു.

6. വനഭൂമിയിൽ കൈയ്യേറ്റം നടത്തി നിർമ്മാണപ്രക്രിയ പാടില്ല എന്ന സ്റ്റേ ഓർഡറും പിന്നാലെ എത്തി.

7. 2017 നവംബർ 25 ശനിയാഴ്ച അതിരാവിലെ 3.10 ന്, സമീപവാസികൾ സ്ഫോടനത്തിന്റേതായ ഒരു ശബ്ദം കേൾക്കുകയുണ്ടായി. നവംബർ 26 ഞായറാഴ്ച കുരിശ് കാണുന്നില്ല എന്ന സംശയം വിശ്വാസികൾ പറയുകയുണ്ടായി. 2017 നവംബർ 27 തിങ്കളാഴ്ച നിജസ്ഥിതി മനസ്സിലാക്കുവാനായി കുരിശുമല സംരക്ഷണസമിതി അംഗങ്ങളും ഫോറസ്റ്റു വാച്ചറും കുരിശുമല സന്ദർശിക്കുകയും, അവിടെ സ്ഫോടന ത്താൽ തകർക്കപ്പെട്ട കുരിശ് കാണുകയും ചെയ്തു. ചിന്നിച്ചിതറി കിടക്കുന്ന കുരിശിന്റെ ദൃശ്യങ്ങൾ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ

കാണിക്കുകയും ഇക്കാര്യം ഇടവകവികാരിയെ അറിയിക്കുകയും ചെയ്തു.

8. 2017 നവംബർ 27 വൈകുന്നേരം സംഭവസ്ഥലം സന്ദർശിക്കുന്നതിനു മുൻപുതന്നെ വിതുര എസ്.ഐ. മിന്നലേറ്റാണ് കുരിശ് തകർന്നതെന്ന് കുരിശുമലസംരക്ഷണസമിതിയെ അറിയിച്ചു. നവംബർ 28 ന് മിന്നലേറ്റാണ് കുരിശ് തകർന്നതെന്ന് മാധ്യമങ്ങളെ അറിയിക്കുകയും ചെയ്തു.

9. 2017 നവംബർ 29 ന് രൂപതാ കുരിശുമല സംരക്ഷണസമിതി അംഗങ്ങളായ വൈദികർ, എസ്.ഐ. യുടെയും സി.ഐ. യുടേയും അനുവാദത്തോടെ കുരിശുമല സന്ദർശിക്കുകയും, മിന്നലേറ്റല്ല മറിച്ച് സ്ഫോടനത്താലാണ് കുരിശ് തകർന്നതെന്ന വസ്തുത മനസ്സിലാക്കുകയും ചെയ്തു.

10. കുരിശുമല സന്ദർശിച്ച രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഉൾപ്പെടെ 17 പേർക്കെതിരെ അതിക്രമിച്ചുകയറി എന്നു കാണിച്ച് വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. വന്യജീവി സംരക്ഷണനിയമം ലംഘിച്ചു എന്നതറിയിച്ച് ഇടവക വികാരിക്ക് നോട്ടീസ് നല്കി.

## നിയമം ലംഘിച്ചിട്ടില്ല

1961 ലാണ് കേരളസംസ്ഥാന വനനിയമം നിലവിൽ വരുന്നത്. 1964ൽ ഫോറസ്റ്റ് സെറ്റിൽമെന്റ് റൂൾസും വന്നു. ഈ നിയമങ്ങൾ വരുന്നതിനു മുൻപ്1957ലാണ് ബോണക്കാട് കുരിശുമലയിൽ കുരിശ് സ്ഥാപിച്ചത്. കുരിശുകളും ഒരു ചെറിയ അൾത്താരയു മല്ലാതെ മറ്റു യാതൊരുവിധ നിർമ്മാണങ്ങളോ വേലികെട്ടി വേർതിരിക്കലോ ഉണ്ടായിട്ടില്ല. വന്യജീവിസംരക്ഷണനിയമം ലംഘിച്ചു എന്നു പറയുന്നത് പൊള്ളത്തരമാണ്.

## പോലീസിന്റെ ക്രൂരമായ മർദ്ദനം

2018 ജനുവരി 01 ന് കെ.എൽ.സി.ഡബ്യ്യൂ.എ. യുടെ ആഭിമുഖ്യത്തിൽ വനംവകുപ്പ് മന്ത്രിയുടെ വീട്ടുപടിക്കലേക്ക് കുരിശുസത്യാഗ്രഹം നടത്തിയ വരെ പോലീസ് തടയുകയും അറസ്റ്റുചെയ്യുകയും ചെയ്തു. 2018 ജനുവരി 05 വെള്ളിയാഴ്ച, രൂപതാ വൈദികരും സന്യാസി-സന്യാസിനികളും രൂപതയിലെ 247 ദേവാലയങ്ങളിലെ വിശ്വാസികളും അടങ്ങുന്ന സംഘം കുരിശുമലയിലേക്ക് കുരിശു യാത്ര നടത്തി. അവരെ പോലീസ് തടയുകയും ലാത്തിച്ചാർജ്ജ് നടത്തുകയും ചെയ്തു. യാതൊരു പ്രകോപനവും ഇല്ലാതിരുന്നിട്ടും വൈദികരേയും സിസ്റ്റേഴ്സി നെയും വിശ്വാസികളെയും പോലീസ് തല്ലിച്ചതച്ചു. സ്ത്രീപുരുഷഭേദമെന്യേ, കണ്ണിൽ കണ്ടവരുടെ യൊക്കെ തല പോലീസ് അടിച്ചുപൊട്ടിച്ചു. പലരും ആശുപത്രികളിൽ അഡ്മിറ്റ് ആയി. വിശ്വാസത്തിനുവേണ്ടി സമരം ചെയ്തവരെ വൈരാഗ്യബുദ്ധിയോടെ തലതല്ലി പ്പൊട്ടിക്കുകയും ചെറുപ്പക്കാരെ അടിവസ്ത്രത്തിൽ മാത്രം പോലീസ് സ്റ്റേഷനിൽ നിർത്തി അതിക്രൂരമായി മർദ്ദിക്കുകയും ചെയ്ത സംഭവം സമകാലീന കേരളം ഞെട്ടലോടെ യാണ് വീക്ഷിച്ചത്. വിശ്വാസികളെയും, വൈദികരെയും, സന്യസ്ത രെയും പ്രതികളാക്കി നിരവധി കേസുകൾ വനംവകുപ്പും പോലീസും എടുത്തിരിക്കുന്നു എന്നത് സാക്ഷരകേരളത്തിന് അപമാനകരമാണ്.

## ഇപ്പോഴത്തെ അവസ്ഥ

2018 ഫെബ്രുവരി 08 ന് കേരളചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വനം & വന്യജീവി സംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയ അധികാരികളെ ബോണക്കാട് കുരിശുമല റെക്ടർ അറിയിച്ച പ്രകാരം 2018 മാർച്ച് 21 മുതൽ 25 വരെയും മാർച്ച് 30 (ദുഃഖവെള്ളി) എന്നീ ദിവസങ്ങളിൽ മുൻ വർഷങ്ങളിൽ നടന്നു വന്നതുപോലെ കാര്യപരിപാടികൾ നടത്താവു ന്നതാണ്.

കത്തോലിക്ക സഭ, പ്രത്യേകിച്ച് നെയ്യാ റ്റിൻകര ലത്തീൻരൂപതാ ആഗ്രഹിക്കുന്നത് സമാധാനവും, സൗഹാർദ്ദവും, ഐക്യവും, നാടിന്റെ ഐശ്വര്യവുമാണ്. അത് വിട്ടുവീഴ്ച ഇല്ലാത്ത മുഖമുദ്രയാണ്. എന്നാൽ, ഇത്തരം പ്രവണതകളെ തകർക്കാനും ഈ പ്രദേശത്ത് ഭീകരാന്തരീക്ഷം സൃഷ്ടിക്കാനും ശ്രമിക്കുന്ന പ്രതിലോമശക്തികളെ മുഖംനോക്കാതെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് ജാതിമത ഭേദമെന്യേ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിച്ച് ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തണം.

# സ്വകാര്യ വെളിപാടുകളും സഭയും




**ഫാ. ജോഷി മയ്യാറ്റിൽ**
പി.ഒ.സി പാലാരിവട്ടം

അവശിഷ്ടസഭ (*Remnant church*) എന്നൊരു രഹസ്യസഭ കേരളത്തിൽ ഉടലെടുക്കുന്നത് ഇതുവരെ നാമാരും കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ഫ്രാൻസിസ് പാപ്പയെ തള്ളിപ്പറയുക, വത്തിക്കാൻ കൗൺസിലിനെ തമസ്കരിക്കുക, അഭിഷിക്തരെ രണ്ടു വിരുദ്ധചേരികളായി തിരിക്കുക, സംസ്കാരങ്ങളെ പൈശാചികമെന്നു മുദ്രകുത്തുക, യേശുവിന്റെ രണ്ടാം വരവിന്റെ പ്രവാചകരായി സ്വയം അവരോധിക്കുക എന്നിവയാണ് ഇവരുടെ പൊതുവായ സവിശേഷതകൾ. പരിശുദ്ധ കുർബാനയ്ക്കുമുമ്പിൽ മണിക്കൂറുകൾ ചെലവഴിക്കുന്ന ഇവർ മരിയഭക്തിയിലും പിന്നിലല്ല. കുരിശുയുദ്ധപ്രാർത്ഥനകൾ എന്നറിയപ്പെടുന്ന പ്രാർത്ഥനാസമുച്ചയത്തിന്റെ പ്രചാരകരാണിവർ. *ബുക്ക് ഓഫ് ട്രൂത്ത്*, ഡോ. ജോർജ് ഇരുമ്പയം എഴുതിയ *യുഗാന്ത്യവും രണ്ടാം വരവും, അടയാളം ക്രൂശിതന്റെ ദർശനം, അന്ത്യനാൾ സന്ദേശങ്ങൾ* എന്നീ ഗ്രന്ഥങ്ങൾ ഇക്കൂട്ടരുടേതാണ്. കേരളത്തിൽ ഈ അസംബന്ധസഭ ഉടലെടുത്തിട്ടുള്ളത്, *മരിയ ഡിവൈൻ മേഴ്സി* എന്ന് ഒളിപ്പേരുള്ള അയർലണ്ടുകാരി മേരി കാർബെറിയുടെ 'വ്യക്തിഗത' വെളിപാടുകളുടെയും ദൈവശാസ്ത്രത്തിൽ ഉന്നതബിരുദമുള്ള കെല്ലി ബോറിങ്ങ് എന്ന മനുഷ്യന്റെ തലതിരിഞ്ഞ വാദങ്ങളുടെയും പിൻബലത്തിലാണ്. ഫ്രാൻസിസ് പാപ്പായ്ക്കെതിരേ ചരടുവലിക്കുന്ന ചില ഉന്നതരും ഇതു മറയാക്കി പ്രവർത്തിക്കുന്നുണ്ടെന്നു കേൾക്കുന്നു.

ഇന്ന് വെളിപാടോളങ്ങൾ ആഞ്ഞടിക്കുകയാണ് കേരളത്തിൽ! ശാരീരികാഭ്യാസങ്ങളായ യോഗയും കളരിപ്പയറ്റും കരാട്ടേയും ജൂഡോയും അനുവദിക്കാത്ത, ആരതിയും നിലവിളക്കും ഭയപ്പെടുന്ന, സ്ത്രീകൾ പൊട്ടുതൊടുന്നത് ഇഷ്ടമില്ലാത്ത, ആയുർവേദ ഔഷധങ്ങളും ഒറ്റമൂലിയും വെറുക്കുന്ന, ഞായറാഴ്ച ടിവി കാണൽ നിരോധിക്കുന്ന, ഗുരുദക്ഷിണ വിലക്കുന്ന, പൂർവികാത്മാക്കളുടെ പാപസ്വാധീനം കാരണം ഭക്തർക്ക് അനുഗ്രഹം നല്കാൻ കഴിയാത്ത (ഡോ. ജോഷി ജോസഫ്, *ദൈവകരുണയും ദൈവകരുണയുടെ മാതാവും ദൈവകരുണയുടെ സന്ദേശങ്ങളും*) സംസ്കാരവിരുദ്ധയായ ഒരു മാതാവ് അനേകവർഷങ്ങളായി കറങ്ങിനടക്കുന്നു.

ഈയിടെ ഉറക്കച്ചടവുമായി ഒരു ചെറുപ്പക്കാരൻ തന്റെ 'ദർശന'ങ്ങൾ വിളമ്പിക്കൊണ്ട് നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. പ്രാർത്ഥനാവിഷയമാക്കാൻവേണ്ടിയാണ് ഇവ പരസ്യമാക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ അവകാശവാദം. സഭയുടെ ചരിത്രം പഠിച്ചാൽ, യഥാർത്ഥവരങ്ങളെപ്പോലും ഇത്തരത്തിൽ വിനിയോഗിച്ചവരെല്ലാം ആൾദൈവങ്ങളായി സ്വയം അവരോധിച്ചു ശൂന്യരായിത്തീർന്നിട്ടുള്ള അനുഭവങ്ങൾ ഏറെ കാണാനാകും.

സ്വകാര്യ വെളിപാടുകളെക്കുറിച്ചുള്ള അജ്ഞതയാണ് ഇത്തരം അബദ്ധക്കുരുക്കുകളിൽ പെടാൻ മനുഷ്യർക്ക് ഇടയാക്കുന്നത്.

## പൊതുവെളിപാടും സ്വകാര്യവെളിപാടുകളും

വെളിപാട് ക്രിസ്തുവിൽ പൂർണമാണെങ്കിലും ഈ സത്യത്തിന്റെ പൂർണമായ ധാരണയിലേക്ക് പരിശുദ്ധാത്മാവ് സഭയെ നിരന്തരം നയിച്ചു

കൊണ്ടാണിരിക്കുന്നത് (യോഹ 14,26; 16,13; *CCC*, 66). ഇത്തരത്തിൽ സഭയെ പരിശുദ്ധാത്മാവു നയിക്കുന്ന മൂന്നു മാർഗങ്ങളെക്കുറിച്ച് *ദേയീ വെർബും 8-ാം* ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നു: (1) വിശ്വാസികളുടെ മനന-പഠനങ്ങൾ; (2) ആഴമായ ആത്മീയാനുഭവങ്ങൾ; (3) സഭയിലെ പ്രബോധനാധികാരത്തിന്റെ പ്രയോഗം.

വിശ്വാസികൾക്കുണ്ടാകുന്ന ആത്മീയാനുഭവങ്ങളിലെ വ്യക്തിഗതവെളിപാടുകൾക്ക് ക്രിസ്തുവിന്റെ ആത്യന്തിക വെളിപാടിനോട് ഒന്നും കൂട്ടിച്ചേർക്കാനോ അതിനെ പൂർണമാക്കാനോ കഴിയില്ല (*CCC*, 67). എന്നാൽ, അത് ക്രിസ്തുവിന്റെ വെളിപാടിനെ കൂടുതൽ നന്നായി ഗ്രഹിക്കാനും ചരിത്രത്തിലെ പ്രത്യേക ദശാസന്ധികളിൽ അതു ഫലപ്രദമായി ജീവിക്കാനും വിശ്വാസികൾക്കു സഹായമേകും. സ്വകാര്യവെളിപാട് പുത്തൻ ആത്മീയ ഊന്നലുകൾ പരിചയപ്പെടുത്തുകയോ (ഉദാ. തിരുഹൃദയ ഭക്തി, ദൈവത്തിന്റെ കരുണ) ഭക്താഭ്യാസങ്ങളുടെ പുതിയ രൂപങ്ങൾ (ഉദാ. കരുണക്കൊന്ത) അവതരിപ്പിക്കുകയോ പഴയ രൂപങ്ങൾ ആഴപ്പെടുത്തുകയോ (ഉദാ. ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങൾ) ചെയ്യാം. ഇത്തരത്തിൽ സ്വകാര്യവെളിപാടുകൾക്കുള്ള പ്രവാചകദൗത്യത്തെ *വെർബും ദോമിനി 14-ാം* ഖണ്ഡിക ഏറെ ഭാവാത്മകമായി പരാമർശിക്കുന്നു.

## സ്വകാര്യവെളിപാടുകളോടുള്ള സഭയുടെ നിലപാട്

സ്വകാര്യവെളിപാടുകൾ ദൈവഹിതപ്രകാരമാകുന്നത് സഭയുടെ പ്രബോധനാധികാരത്തോടുള്ള വിധേയത്വത്തിൻകീഴിൽ മാത്രമാണ്. കാരണം, സത്യത്തിന്റെ ദാനം (കാരിസം ഓഫ് ട്രൂത്ത്) സഭയുടെ പ്രബോധനാധികാരത്തിനാണുള്ളത് (*ദേയീ വെർബും 8*). അതുകൊണ്ടുതന്നെ മാർപ്പാപ്പയെയോ മെത്രാനെയോ തള്ളിപ്പറയുന്നവർ വിശ്വസനീയമെന്ന് ഏവർക്കും തോന്നുന്ന ഏതെല്ലാം പ്രവചനങ്ങളും അദ്ഭുതങ്ങളും നടത്തിയാലും അവയെല്ലാം ഇരുട്ടിന്റെ ആത്മാവിന്റെ പ്രവൃത്തികൾമാത്രമായിരിക്കും. "നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല" എന്ന് യേശു പറയുമെന്ന് മത്തായി സുവിശേഷകൻ (7,23) വ്യക്തമാക്കിയിരിക്കുന്നത് 'യേശുവിന്റെ നാമത്തിൽ' പ്രവചിക്കുകയും പിശാചുക്കളെ പുറത്താക്കുകയും നിരവധി അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തെന്ന് അവകാശപ്പെടുന്നവരെക്കുറിച്ചാണെന്നു മറക്കരുത്.

വ്യക്തിഗതവെളിപാടുകളെ സഭ സമീപിക്കുന്നതും സമീപിക്കേണ്ടതും സംശയദൃഷ്ടിയോടെയാണ്. ഇക്കാര്യത്തിൽ വി. പൗലോസ് സഭയ്ക്ക് വ്യക്തമായ മാർഗദർശനം നല്കിയിരിക്കുന്നു: "ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്. പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ചു നോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ. എല്ലാത്തരം തിന്മയിലുംനിന്ന് അകന്നു നില്ക്കുകയും ചെയ്യുവിൻ" (1തെസ്സ 5,19-21). കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 67-ാം ഖണ്ഡികയിലും ബെനഡിക്ട് പാപ്പായുടെ *കർത്താവിന്റെ വചനം* എന്ന സിനഡനന്തര അപ്പസ്തോലികാഹ്വാനം 14-ാം ഖണ്ഡികയിലും സ്വകാര്യവെളിപാടുകളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. 2012-ൽ വിശ്വാസതിരുസംഘം തത്സംബന്ധിയായ ഒരു മാർഗരേഖയും പുറത്തിറക്കിയിട്ടുണ്ട്.

സഭാചരിത്രത്തിൽ ഉണ്ടായിട്ടുള്ള അനേകം വ്യക്തിഗതവെളിപാടുകളിൽ ചിലത് സഭ അംഗീകരിച്ചിട്ടുണ്ട്. സഭ ഏതെങ്കിലും വ്യക്തിഗതവെളിപാടിനെ അംഗീകരിച്ചാൽ അതിന്റെയർത്ഥം വിശ്വാസത്തിനും ധാർമികതയ്ക്കും വിരുദ്ധമായ ഒന്നും അതിലില്ലെന്നും അതു പ്രചരിപ്പിക്കുന്നതിൽ കുഴപ്പമില്ലെന്നും വിശ്വാസികൾ അതു വിവേകത്തോടെ സ്വീകരിക്കുന്നതിന് തടസ്സമില്ലെന്നുംമാത്രമാണ്. പൊതുവെളിപാട് എല്ലാ ക്രൈസ്തവരും നിർബന്ധമായും വിശ്വസിക്കേണ്ടവയാണ്. എന്നാൽ, വ്യക്തിഗതവെളിപാടുകൾ വിശ്വസിക്കാനും അനുഷ്ഠിക്കാനും ഒരാളും കടപ്പെട്ടിട്ടില്ല.

## 'ആത്മീയാർത്തി': ജാഗ്രതയും വിവേകവും അനിവാര്യം

ഇന്ന് ദർശനങ്ങളുടെയും വെളിപാടുകളുടെയും മലവെള്ളപ്പാച്ചിലിൽ പല ക്രൈസ്തവരും ഒഴുകിപ്പോകുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് 2018-ലെ നോമ്പുകാലസന്ദേശത്തിൽ ഫ്രാൻസിസ് പാപ്പ വ്യാജപ്രവാചകന്മാരെക്കുറിച്ച് സഭാമക്കളെ പ്രബോധിപ്പിക്കാൻ നിർബന്ധിതനായത്. പാപ്പ കുറിച്ചിരിക്കുന്നു: "നുണയുടെ പിതാവായ പിശാച്

(യോഹ 8,44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാകുന്നുണ്ടോയെന്ന് ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്”.

ലോകം കണ്ട മിസ്റ്റിക്കുകളിൽ അഗ്രഗണ്യനായ കുരിശിന്റെ വിശുദ്ധ യോഹന്നാൻ ‘ആത്മീയാർത്തി’ എന്നു വിശേഷിപ്പിച്ച അവസ്ഥയ്ക്ക് അനേകർ വശംവദരാകുന്ന കാഴ്ച കേരളത്തിൽ ഇന്നു സർവസാധാരണമായിരിക്കുന്നു. വ്യക്തിഗതദർശനങ്ങൾക്കും വെളിപാടുകൾക്കും അനാവശ്യവും അപകടകരവുമായ ഊന്നൽ കേരളസഭയിൽ ഇന്നുണ്ട് എന്നതു നിസ്തർക്കമാണ്. കർത്താവിനെ പ്രഘോഷിക്കുക, കർത്താവിന്റെ സഭയെ പരിപോഷിപ്പിക്കുക, ആത്മാക്കളെ രക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ പാടേ മറന്നുപോയിരിക്കുന്നു പലരും.

*കർമലമല കയറ്റം* എന്ന ഗ്രന്ഥത്തിൽ കുരിശിന്റെ വിശുദ്ധ യോഹന്നാൻ കുറിച്ചിരിക്കുന്നു: “ക്രിസ്തുവിൽ പൂർണമായി നോട്ടം ഉറപ്പിക്കാതെയും മറ്റേതെങ്കിലും പുതുമയ്ക്കായുള്ള ആഗ്രഹത്തോടെ ജീവിച്ചുകൊണ്ടും ദൈവത്തെ ചോദ്യംചെയ്യുകയോ ദർശനങ്ങളോ വെളിപാടുകളോ ആഗ്രഹിക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയും വിഡ്ഢിത്തം നിറഞ്ഞ പെരുമാറ്റംകൊണ്ടുമാത്രമല്ല, ദൈവത്തെ ദ്രോഹിക്കുന്നതുകൊണ്ടും കുറ്റക്കാരനാകും”.



# ദയാവധം : ഒരു മൗലികാവകാശമോ?

**ഫാ. പോൾ മാടശേരി**
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ

കാരുണ്യവധം നിയമവിധേയമാക്കിക്കൊണ്ടുള്ള ചരിത്രപ്രധാനമായ കോടതിവിധിക്ക് ഇന്ത്യ സാക്ഷിയായി. ഈ സുപ്രീം കോടതിവിധി ഏറെ സങ്കീർണ്ണതകളും അതിലേറെ ആശങ്കയുണർത്തുന്നതുമാണ്.

ഒരു വ്യക്തിക്ക് ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഉള്ളതുപോലെ തന്നെ മരിക്കാനും അവകാശമുണ്ട് എന്നുപറയുന്നത് തികഞ്ഞ വൈരുദ്ധ്യമാണ്. മരിക്കാനല്ല അന്തസ്സോടെ ജീവിക്കാനാണ് മനുഷ്യന് അവകാശമുള്ളത്. കാരണം, മനുഷ്യജീവൻ അതിന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യംവരെ ആദരിക്കപ്പെടണം എന്നതുകൊണ്ടുതന്നെ. ആ അർത്ഥത്തിൽ മനുഷ്യജീവന്റെ അമൂല്യതയ്ക്കും മഹത്വത്തിനും എതിരായുള്ള വിധിയാണിത്.

ഒരു വ്യക്തി തന്റെ സ്വതന്ത്രമായ തീരുമാനഫലമായി രൂപപ്പെടുത്തിയതല്ല സ്വന്തംജീവൻ. അതുകൊണ്ടുതന്നെ ഒരു കാരണവശാലും അതിന് വിരാമമിടാനും ആ വ്യക്തിക്ക് അവകാശമില്ല. ദൈവദാനമായ ജീവൻ സംരക്ഷിക്കാനും നിലനിർത്താനും ദൈവം മനുഷ്യനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

കാരുണ്യവധം നടത്താൻ നിയമപരമായി അനുവാദം നല്കിയതിലൂടെ ഇതൊരു ധാർമ്മിക പ്രശ്നമായി കാണേണ്ടതില്ല എന്ന സന്ദേശം നല്കുന്നു. ഒരു വ്യക്തിക്ക് അന്തസ്സോടെ മരിക്കാനുള്ള അവകാശം ഉറപ്പുവരുത്തണമെന്നു വാദിക്കുമ്പോൾ രോഗവും മറ്റും മൂലം ജീവിതം ദുഃഖപൂർണ്ണവും ദുരിതം നിറഞ്ഞതുമാകുമ്പോൾ മരണം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഒരു വ്യക്തിക്കുണ്ട് എന്നുകൂടി സ്ഥാപിക്കപ്പെടുന്നു.

കാരുണ്യവധം അതു രോഗിയുടെ അഭ്യർത്ഥ

നപ്രകാരമാണെങ്കിൽപോലും അതു ആത്മഹത്യാപരവും 'കൊല്ലരുത് 'എന്ന കല്പനയുടെ ലംഘനവുമാണ്. കാരുണ്യവധം അതിൽതന്നെ ആത്മഹത്യയോ കൊലപാതകമോ ആയതുകൊണ്ട് എപ്പോഴും ഒഴിവാക്കേണ്ട പ്രവൃത്തിയാണ്. പ്രതീക്ഷയറ്റ മാറാരോഗികൾ കാരുണ്യവധം ആവശ്യപ്പെടുമ്പോൾ യഥാർത്ഥത്തിൽ അവർ തേടുന്നത് ക്രൂരമായ വധമല്ല മറിച്ച് അവർ തങ്ങളുടെ നിരാശയിലും സ്നേഹത്തിനുവേണ്ടി നിലവിളിക്കുകയാണ്" *(John Paul II, Address to European Congress of Anesthesiologists, September 1988).*

കർശനമായ ഉപാധിയോടെയാണ് സുപ്രീം കോടതി ദയാവധം നിയമവിധേയമാക്കിയിരിക്കുന്നതെന്ന് അവകാശപ്പെടുമ്പോഴും ഏതു നിയമത്തെയും എളുപ്പത്തിൽ മറികടക്കുവാൻ വലിയ സാധ്യതയുള്ള ഇന്ത്യപോലുള്ള രാജ്യത്താണ് ഈ വിധി എന്നത് ഏറെ ആശങ്കാജനകമാണ്. ദയാവധത്തിന് സാധ്യത നല്കുന്ന നിയമം ഏറെ ദുരുപയോഗത്തിന് കാരണമാകുമെന്നതിൽ സംശയമില്ല.

ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളിൽ, ദയാവധത്തിന് കൂട്ടുനില്ക്കുന്നത് ആത്മഹത്യക്ക് സഹായം ചെയ്യുന്നതുപോലെയാണ്. ഇത്തരത്തിൽ രോഗികളെ മരിക്കാൻ അനുവദിക്കുന്നവർ ചെയ്തുനല്കുന്ന സഹായങ്ങളെ 'തെറ്റായ അനുകമ്പ' എന്നാണ് പാപ്പാ വിശേഷിപ്പിക്കുന്നത്. വലിച്ചെറിയൽ സംസ്കാരത്തിന്റെ ആളുകളാണ് ദയാവധത്തെ ന്യായീകരിക്കുവാൻ വിവിധ വാദമുഖങ്ങൾ പല കോണുകളിൽനിന്നും ഉയർത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. **(ദീപിക 10/3/2018, സംക്ഷിപ്തം)**

### ദയാവധം: കോടതി വിധി പുന:പരിശോധിക്കണം- കെസിബിസി ഐക്യജാഗ്രതാസമിതി


ആരോഗ്യപൂർണമായ ജീവിതത്തിലേക്ക് തിരിച്ചുവരില്ലെന്ന് മെഡിക്കൽ വിദഗ്ധർ വിധിയെഴുതുന്ന രോഗികൾക്ക് ആവശ്യമെങ്കിൽ ദയാവധത്തിന് ഉപാധികളോടെ അനുമതി നല്കാം എന്ന സുപ്രീം കോടതി വിധി പുന:പരിശോധിക്കണം. മാനുഷിക-ധാർമ്മിക മൂല്യങ്ങൾക്കും രാഷ്ട്രത്തിന്റെ മഹത്തായ പാരമ്പര്യത്തിനും നിരക്കാത്തതാണ് സുപ്രീം കോടതിയുടെ ഈ വിധി. ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണിത്. ദയാവധം നിയമവിധേയമാക്കി മനുഷ്യനെ കൊല്ലുന്നത് മനുഷ്യ ജീവനോടുള്ള വലിയ വെല്ലുവിളിയാണ്. ദയാവധം ജീവനോടുള്ള അനാദരമാണ്. ദയാവധം അനുവദിച്ചാൽ അത് ആരെയും ഇല്ലാതാക്കാനുള്ള ലൈസൻസായി മാറും. അന്തസോടെ മരിക്കുന്നത് സ്വഭാവികമരണമാണ്. അത് മൗലികാവകാശമാണ്. സ്വന്തം ഇടപെടലുകൊണ്ട് മരിക്കുന്നത് ആത്മഹത്യയും മറ്റുള്ളവരുടെ ഇടപെടൽകൊണ്ട് മരിക്കുന്നത് കൊലപാതകവുമാണ്. ദയാവധം ഒരിക്കലും മരണമാവുകയില്ല അത് കൊലപാതകമാണ്. മരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ ആർക്കും സ്വാതന്ത്ര്യവും അവകാശവുമില്ല.

### വിധി വേദനാജനകം: ആർച്ച് ബിഷപ് ഡോ. സൂസൈപാക്യം

**തിരുവനന്തപുരം:** ദയാവധത്തിന് ഉപാധികളോടെ അനുമതി നല്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധി ഏറെ വേദനാജനകമാണെന്നു കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. സൂസൈപാക്യം. അന്തസോടെയുള്ള മരണം പൗരന്റെ ഭരണഘടനാവകാശമെന്നു പരാമർശിക്കുന്ന കോടതി ഉപാധികളോടെ മരണം അനുവദിക്കുന്നതു ഖേദകരവും പ്രതിഷേധാർഹവുമാണെന്ന് അദ്ദേഹം പറഞ്ഞു.

ജീവന്റെ അവകാശം ദൈവത്തിനാണ്. രോഗവും പ്രായാധിക്യവും മൂലം ബുദ്ധിമുട്ടുന്ന ഒരാളെ ദയയുടെയോ സഹതാപത്തിന്റെയോ പേരിൽ വധിക്കുന്നതു മനുഷ്യസ്നേഹികൾ അംഗീകരിക്കാനാവില്ല. പ്രായാധിക്യവും രോഗവും മൂലം വേദന അനുഭവിക്കുന്നവരെ മനുഷ്യസാധ്യമായ സംവിധാനങ്ങളോടെ ആശ്വസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്തു സ്വസ്ഥമായ ഒരു മരണം അനുവദിക്കുന്നതിനു പകരം ഉപാധികളോടെ ദയാവധമാകാമെന്ന കോടതിവിധി ദൂരവ്യാപകമായ വിപത്തുകൾക്ക് ഇടവരുത്തുമെന്നു കെസിബിസി പ്രസിഡന്റ് പറഞ്ഞു. ഒരു വ്യക്തിയുടെ മരണതാത്പര്യം അനുസരിച്ച് ആ വ്യക്തിക്ക് ഉപാധികളോടെ മരണം ആകാമെന്നു പറയുന്ന കോടതി മരണപത്രമില്ലെങ്കിൽ ബന്ധുക്കൾക്കു കോടതിയെ സമീപിക്കാമെന്നു മുന്നോട്ടുവച്ചിട്ടുള്ള നിർദേശം ദുരുപയോഗം ചെയ്യപ്പെടാൻ ഇടയുണ്ടെന്നും ആർച്ചുബിഷപ് ചൂണ്ടിക്കാട്ടി.

# മദ്യത്തിനെതിരേയുള്ള പോരാട്ടം ശക്തമായി തുടരണം : കെസിബിസി



### മദ്യനയം ആശങ്ക ഉളവാക്കുന്നു; കർദിനാൾ മാർ ക്ലീമിസ് ബാവ

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ പുതിയ മദ്യനയം കേരളീയ സമൂഹത്തിന്റെ മനസിൽ ആശങ്ക ഉളവാക്കുന്നുവെന്ന് മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവാ. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണു നയം രൂപീകരിക്കുന്നതെന്നു സർക്കാർ വാദിക്കുമ്പോഴും മദ്യലഭ്യത ഒരു മൗലിക അവകാശംപോലെ ആക്കാൻ കോടതി ആരെയും നിർബന്ധിക്കുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

### മദ്യനയം പ്രതിഷേധാർഹം: ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം

**ചങ്ങനാശേരി:** കുടുംബങ്ങളെ പ്രത്യേകിച്ചു യുവതലമുറയെ നാശത്തിലേക്കു നയിക്കുന്ന സർക്കാരിന്റെ പുതിയ മദ്യനയം പ്രതിഷേധാർഹമാണെന്നു ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. മദ്യനയത്തിലെ പുതിയ സമീപനം തിരുത്താൻ സംസ്ഥാന സർക്കാർ സന്നദ്ധമാകണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

### മദ്യനയം തലമുറയോടുള്ള ക്രൂരത: ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

**തിരുവനന്തപുരം:** സംസ്ഥാനത്തു പതിനായിരത്തിനുമുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതെന്നു കണക്കാക്കി അവിടെയെല്ലാം മദ്യശാലകൾ തുറക്കാൻ അനുമതി നല്കുന്ന സംസ്ഥാന സർക്കാർ ഉത്തരവിനെ അത്യന്തം അപലപിക്കുന്നതായി മദ്യവിരുദ്ധ ജനകീയമുന്നണി ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്. പൊതുസമൂഹത്തിന്റെ സുരക്ഷയും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്തേണ്ട ഗവൺമെന്റ് ജനജീവിതത്തിന്റെ അന്തകരായി മാറുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

### സർക്കാർ സ്വയം അപഹാസ്യരാകരുത്: ആർച്ച്ബിഷപ് ഡോ.എം. സൂസൈപാക്യം

**തിരുവനന്തപുരം:** മദ്യനയത്തിലൂടെ ഇടതുപക്ഷ സർക്കാർ സ്വയം അപഹാസ്യരായിത്തീരാൻ ശ്രമിക്കരുതെന്ന് കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. എം. സൂസൈപാക്യം. കോടതിവിധിയെ കൂട്ടുപിടിച്ച് പഞ്ചായത്തുതലം മുതൽ മദ്യത്തിന് ലഭ്യത വർധിപ്പിക്കാനുള്ള സർക്കാർ നീക്കം ജനങ്ങളോടുള്ള വെല്ലുവിളിയും ഇടതുപക്ഷ സർക്കാരിന്റെ നയവൈകല്യമാണെന്നും അദ്ദേഹം പറഞ്ഞു. തെറ്റായ മദ്യനയത്തിന്റെ പേരിൽ കേരളജനതയെ തെരുവിലിറക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കരുതെന്നും ആർച്ച്ബിഷപ് മുന്നറിയിപ്പ് നല്കി.

### പ്രക്ഷോഭം: ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ

**കോട്ടയം:** സുപ്രീംകോടതി വിധിയുടെ മറവിൽ സംസ്ഥാനത്താകെ മദ്യപ്രളയം സൃഷ്ടിക്കാനുള്ള ഇടതു സർക്കാരിന്റെ ജനവിരുദ്ധ നയത്തിനെതിരേ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമെന്നു കെസിബിസി സംസ്ഥാന കമ്മിറ്റി. മനുഷ്യജീവനുകളെ കുരുതി കൊടുക്കുന്ന പുതിയ മദ്യനയം ഉപതെരഞ്ഞെടുപ്പിൽ കെസിബിസി മദ്യവിരുദ്ധ സമിതി മുഖ്യപ്രചാരണവിഷയമാക്കും. **(ദീപിക, 18/3/2018)**



# കർഷകസമരം നല്കുന്ന പാഠങ്ങൾ

**ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

ഇന്ത്യയിലെ കർഷകർക്കു പ്രതീക്ഷ നല്കുന്ന വിജയമാണ് മഹാരാഷ്ട്രയിലെ കർഷകർ കൈവരിച്ചത്. താരതമ്യേന അസംഘടിതരായ കർഷകരുടെ ആത്മവിശ്വാസവും സംഘടനാശേഷിയും വർദ്ധിപ്പിക്കുന്നതായിരുന്നു ലോങ്ങ് മാർച്ച് എന്നു പേരിട്ട ഈ കർഷക സമരജാഥ. പ്രക്ഷോഭ ജാഥ ഉയർത്തിയ ന്യായമായ ആവശ്യങ്ങൾ മുഴുവൻ അംഗീകരിക്കാൻ മഹാരാഷ്ട്ര സർക്കാർ തയ്യാറായി. സമരത്തെ പ്രതിരോധിക്കുവാനോ പരാജയപ്പെടുത്തുവാനോ രാഷ്ട്രീയക്കാർക്കോ, സർക്കാരിനോ കഴിഞ്ഞില്ല. മുംബൈയിലെ ഈ കർഷകപ്രക്ഷോഭം പുതിയൊരു ചരിത്ര-രാഷ്ട്രീയ സമരത്തിന്റെ തുടക്കമാണ്.

മഹാരാഷ്ട്രയിലെ കർഷക സമരത്തിന്റെ തുടക്കം കർഷകരിൽ നിന്നു തന്നെയാണ്. ഗ്രാമീണ ഭാരതത്തിന്റെയും ദരിദ്രകർഷകരുടെയും ദുരവസ്ഥ വിളിച്ചോതുന്നതായിരുന്നു ഈ കർഷക ജാഥ. ഇന്ത്യൻ ഗ്രാമയാഥാർഥ്യത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരുവാൻ ഈ മുന്നേറ്റത്തിനു കഴിഞ്ഞു. സമകാലിക ഇന്ത്യൻ യാഥാർത്ഥ്യത്തെയാണ് ഈ പ്രക്ഷോഭ ജാഥ പൊതുസമൂഹത്തിൽ അവതരിപ്പിച്ചത്. ഇത് ജീവിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള മുന്നേറ്റമായിരുന്നു. ഇത് ഒരിക്കലും ആനുകൂല്യത്തിനു വേണ്ടിയുള്ള മുറവിളിയായിരുന്നില്ല.

മഹാരാഷ്ട്രയിൽ മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലെ കർഷകരുടെ മനസ്സിലും തീയും പുകയുയാണ്. തമിഴ്നാട്ടിലെ കർഷകർ, ആത്മഹത്യ ചെയ്ത കർഷകരുടെ തലയോട്ടികളുമായി ന്യൂഡൽഹിയിൽ നടത്തിയ സമരവും രാജസ്ഥാനിലെ കർഷകർ റോഡ് ഉപരോധിച്ചതും അടുത്ത കാലത്താണ്. കേരളത്തിൽ, കീഴാറ്റൂരിലെ കർഷകർ "വയൽ കിളികളാണോ" "വയൽ കഴുകന്മാരാണോ" യെന്ന കാര്യത്തിൽ കേരള സർക്കാർ തർക്കത്തിലാണ്. "കേരളം കീഴാറ്റൂരിലേക്ക്" എന്ന പേരിൽ വയൽകിളികൾ നടത്തുന്ന സമരം സമാനതകളില്ലാത്ത ചരിത്രമായി മാറുകയാണ്. രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന സമരങ്ങൾക്ക് ലഭിക്കാത്ത വിധത്തിലുള്ള ജനകീയ പിന്തുണയാണ് കർഷ സമരങ്ങൾക്ക് ലഭിക്കുന്നത്.

കാർഷിക മേഖലയിലെ പ്രതിസന്ധികൾ കണ്ടില്ലെന്നു നടിക്കുവാൻ ഇനി ആർക്കും സാധിക്കുകയില്ല. മഹാരാഷ്ട്രയിൽ മാത്രം മാസംതോറും 250ഓളം കർഷകർ ആത്മഹത്യ ചെയ്യുന്നുവെന്നാണ് പോലീസിന്റെ കണക്ക്. ഇന്ത്യയിൽ വികസനത്തിന്റെ ഏറ്റവും വലിയ ഇരകൾ ഗ്രാമീണ കർഷകരാണ്. ഈ അടിസ്ഥാനവർഗം പ്രകൃതിക്ഷോഭവും വരൾച്ചയും കൃഷി നാശവും കടക്കെണിയും കൊണ്ടുമാത്രമല്ല, ജനിതക മാറ്റം വരുത്തിയ വിത്തുകളും ഇടനിലക്കാരുടെ ചൂഷണവും വിലയിടിവും കൊണ്ട് തകർച്ചയുടെ പാതാളത്തിലാണ്.

രാജ്യത്തെ തീറ്റിപ്പോറ്റുന്നതും പ്രകൃതിയെ സംരക്ഷിക്കുന്നതും കർഷകരാണ്. രാജ്യത്തെ 75%ലേറെ വരുന്ന കർഷകരെയും കർഷകതൊഴിലാളികളെയും അവഗണിച്ച് ഒരു ഭരണ സംവിധാനത്തിനു മുന്നോട്ടു പോകാനാകില്ല. പരിസ്ഥിതി-വനസംരക്ഷണ നിയമങ്ങളും, വികസന സംരംഭങ്ങളും പാവപ്പെട്ട കർഷകരുടെ ജീവിക്കാനും കൃഷി ചെയ്യുവാനുമുള്ള അവകാശത്തിന് എതിരാവരുത്. കോർപറേറ്റ് കുത്തകകൾക്ക് കർഷകരുടെ ഭൂമി, കൃഷിക്കും വ്യാവസായിക ആവശ്യത്തിനുമായി നല്കുന്നത് വികസനമല്ല. കോടീശ്വരന്മാരെ ദശകോടീശ്വരന്മാരും, ദശകോടീശ്വരന്മാരെ ശതകോടീശ്വരന്മാരുമാക്കുന്ന പ്രവർത്തനമല്ല വികസനം. യഥാർത്ഥ വികസനം സാധ്യമാകണമെങ്കിൽ കർഷകരുടെയും ആദിവാസികളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കണം.

# ചിറകരിയാൻ ഇറങ്ങിയവർ കുടപിടിക്കുമ്പോൾ

**ഫാ. വർഗീസ് വള്ളിക്കാട്ട്**



രണ്ടായിരത്തി ആറിൽ കേരള നിയമസഭയിൽ ഭരണ പ്രതിപക്ഷങ്ങൾ ഒന്നിച്ചു "കേരള പ്രഫഷണൽ കോളേജസ് ഓർ ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രൊഹിബിഷൻ ഓഫ് കാപിറ്റേഷൻ ഫീ, റെഗുലേഷൻ ഓഫ് അഡ്മിഷൻ, ഫിക്സേഷൻ ഓഫ് നോൺ ഏക്സ്പ്ലോയ്റ്റേറ്റീവ് ഫീ ആൻഡ് അദർ മെഷേഴ്സ് ടു എൻഷുർ ഇക്വറ്റി ആൻഡ് എക്സലൻസ് ഇൻ പ്രൊഫഷണൽ എഡ്യൂക്കേഷൻ)" എന്നൊരു നിയമം പാസാക്കിയിരുന്നു. എൽ.ഡി.എഫ് സർക്കാരിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബിയായിരുന്നു അതിന്റെ പ്രണേതാവ്. എൽ.ഡി.എഫ് – യു.ഡി.എഫ് സംയുക്ത രോഷത്തിൽ ത്രിശങ്കുവിലായ സ്വാശ്രയ മാനേജുമെന്റുകൾ കോടതിയെ സമീപിച്ചു. ആ സ്വാശ്രയ നിയത്തിനു എന്തുപറ്റിയെന്നു എല്ലാവർക്കും അറിയാം. അന്ന് സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഓരേഒരാശ്രയം നീതിപീഠം മാത്രമായിരുന്നു.

ഇപ്പോൾ വീണ്ടും ഭരണ പ്രതിപക്ഷങ്ങൾ ഒന്നിച്ചു ഒരു ബില്ല് കൊണ്ടുവന്നിരിക്കുന്നു. ബില്ല് ക്രമവിരുദ്ധവും, നിയമ വിരുദ്ധവും നഗ്നമായ അഴിമതിക്ക് കുടപിടിക്കുന്നതുമാണന്ന സുപ്രീം കോടതി നിരീക്ഷണത്തെയും, അഡ്മിഷൻ – ഫീ മേൽനോട്ട കമ്മിറ്റിയെയും നോക്കുകുത്തിയാക്കിയാണ് ഭരണ പ്രതിപക്ഷ പാർട്ടികൾ ചില സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കാൻ മത്സരിച്ചു മുന്നേറുന്നത്. ഗവർണറുടെ ഇടപെടൽ ചിലരുടെയൊക്കെ ആർത്തിക്കു തല്ക്കാലം തടയിട്ടെങ്കിലും രാഷ്ട്രീയക്കാർ അടങ്ങിയിരിക്കുമെന്നു കരുതാനാവില്ല. ഒന്നോർക്കുന്നതു കൊള്ളാം. കേരളത്തിലെ ജനങ്ങൾ എല്ലാം കാണുന്നുണ്ട്.

അണികളുടെ ജീവൻ കൊടുത്തും, അണികളെകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ തല്ലിത്തകർത്തും, അഡ്മിഷൻ കാലത്തു സ്വാശ്രയ സമരം നടത്തിയും ഒരു വ്യാഴാവട്ടകാലം കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസത്തെ വരുതിക്ക് നിർത്തിയവർ ഇപ്പോൾ സ്ഥാപനങ്ങൾക്കുവേണ്ടി രാജ്യത്തെ നിയമ വ്യവസ്ഥയെത്തന്നെ നോക്കുകുത്തിയാക്കി ആർക്കൊക്കെയോവേണ്ടി നിയമനിർമാണം നടത്തുന്നു!

പഴയമട്ടിൽ കേരളത്തിനു വെളിയിൽനിന്നു വിദ്യാഭ്യാസലോബിയുടെ പണം പാർട്ടി അക്കൗണ്ടിലേക്കു വരാത്തതാണ് സ്വാശ്രയ സമരത്തിന് ശക്തി കുറയാൻ കാരണമെന്ന് പറയുന്നവരുണ്ട്. മനസുവച്ചാൽ നാട്ടിൽനിന്നുതന്നെ അതിന്റെ കുറവ് തീർക്കാവുന്നതേയുള്ളൂ എന്ന് കരുതുന്നവരും കണ്ടേക്കാം. ഏതായാലും ഇപ്പോൾ ബാർ ലോബിയെക്കാൾ സ്വാശ്രയ ലോബിയോടാണ് പാപ്പിക്ക് സ്നേഹം!

**(ഫേയ്സ്ബുക്ക് പോസ്റ്റ്, 7 ഏപ്രിൽ 2018)**

## അറസ്റ്റു ചെയ്ത നേതാക്കളെ ഉടൻ വിട്ടയയ്ക്കണം: കെസിബിസി

**കൊച്ചി:** പട്ടികജാതി, പട്ടികവർഗ പീഡന നിരോധന നിയമം ദുർബലപ്പെടുത്തുന്ന നിലപാടുകൾക്കെതിരേ നടത്തിയ ഭാരതബന്ദിൽ പങ്കെടുത്ത ദളിതരെ വെടിവച്ചുകൊന്നതിൽ പ്രതിഷേധിച്ച് കേരളത്തിൽ ഹർത്താലിന് ആഹ്വാനം നല്കിയ ദളിത് സംഘടനാ നേതാവ് എം. ഗീതാനന്ദനെയും വനിതകളുൾപ്പെടെയുള്ള നേതാക്കളെയും അറസ്റ്റ് ചെയ്ത പോലീസ് നടപടി പ്രതിഷേധാർഹമാണ്. സമീപകാലത്ത് കേരളത്തിൽ നടന്ന ഹർത്താലുകളിലും പൊതുപണിമുടക്കുകളിലും പോലീസ് സ്വീകരിക്കാത്ത നടപടികളാണ് ഏപ്രിൽ 8,9 തീയതികളിലായി സംസ്ഥാനത്ത് നടന്നത്. സമാധാനപരമായി സമരം ചെയ്യാനുള്ള ഇന്ത്യൻ പൗരന്റെ അവകാശങ്ങളെ അധികാരികൾ നിഷേധിക്കരുത്. ഇന്ത്യയിലെ ദളിത് സമൂഹങ്ങൾ ഉയർത്തിയിട്ടുള്ള ആവശ്യങ്ങൾ അതിജീവനത്തിനും ജീവന്റെ സുരക്ഷയ്ക്കും വേണ്ടിയുള്ളതാണ്. സ്വാതന്ത്ര്യത്തിന്റെ ഏഴുപതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്ത്യയിലെ ദളിതർ വിവേചനവും അക്രമവും നേരിട്ടുകൊണ്ടിരിക്കുന്നു. സമീപകാലത്ത് രാജ്യത്താകമാനം വർധിച്ചുവരുന്ന ദളിത്-ന്യൂനപക്ഷ പീഡനങ്ങൾ ഉത്കണ്ഠാജനകവും പ്രതിഷേധാർഹവുമാണ്. മനുഷ്യാന്തസ്സിനും തുല്യാവകാശങ്ങൾക്കും വേണ്ടിയുള്ള ട്രൈബൽ-ദളിത് ജനവിഭാഗങ്ങളുടെ സമരങ്ങൾക്ക് സമൂഹത്തിന്റെ മുഴുവൻ പിന്തുണ ലഭിക്കാൻ അർഹതയുണ്ട്. ഇന്നത്തെ സമരത്തിൽ സ്വമേധയാ പങ്കെടുത്തിട്ടുള്ളവർ നീതിയുടെ പക്ഷത്താണ് നിലയുറപ്പിച്ചിട്ടുള്ളത്. അധികാരം കൈയാളുന്നവർക്കും പ്രതിപക്ഷത്തായിരിക്കുന്നവർക്കും മാത്രമേ സമരം ചെയ്യാൻ അവകാശമുള്ളൂ എന്ന ചിന്ത ജനാധിപത്യത്തിന് ഭൂഷണമല്ല. ഇന്ത്യയുടെയും കേരളത്തിന്റെയും ജനകീയ പ്രതിരോധസമരങ്ങളെ വിസ്മരിക്കുന്നവർക്കും കണ്ടില്ലെന്ന് നടിക്കുന്നവർക്കും മാത്രമേ ഇത്തരം നടപടികളെ അനുകൂലിക്കാനാവൂ. അറസ്റ്റ് ചെയ്തിട്ടുള്ള ഗീതാനന്ദൻ ഉൾപ്പെടെയുള്ള നേതാക്കളെയും, പ്രവർത്തകരെയും ഉടൻ വിട്ടയക്കണം. **(കെസിബിസി, 9/4/2018)**

## അവകാശ നിഷേധത്തിനെതിരെ ശക്തമായ മുന്നറിയിപ്പുമായി ടീച്ചേഴ്സ് ഗിൽഡ്

**ചങ്ങനാശേരി:** ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശ സംരക്ഷണത്തിനു നിതാന്ത ജാഗ്രതയോടെയുള്ള പോരാട്ടം വേണമെന്ന് ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഓഡിറ്റോറിയത്തിൽ കേരള കാത്തലിക് ടീച്ചേഴസ് ഗിൽഡ് സംഘടിപ്പിച്ച ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശ സംരക്ഷണ സംസ്ഥാന കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിസംഗത വളരുന്നത് അവകാശങ്ങൾ നിഷേധിക്കപ്പെടാനും ന്യൂനപക്ഷങ്ങളുടെ നിലനില്പിനെ ബാധിക്കാനുമിടയാകും. കേരളവും കേന്ദ്രവും ഭരിക്കുന്നവർ സ്വാതന്ത്ര്യത്തിനു കാര്യമായ വില കല്പിക്കുന്നില്ലെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസരംഗത്തു നടമാടുന്ന നീതിനിഷേധം അനുവദിക്കാവുന്നതല്ലെന്നും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും ഇടപടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ആമുഖപ്രഭാഷണം നടത്തി. ആതുര, വിദ്യാഭ്യാസ രംഗങ്ങളിൽ ഏറ്റവും വലിയ സേവനങ്ങൾ നല്കിയ കത്തോലിക്കാ സഭയെ അകറ്റി നിർത്താനുള്ള ശ്രമങ്ങളാണു ഇന്ന് നടക്കുന്നതെന്നു മാർ താഴത്ത് ചൂണ്ടിക്കാട്ടി. തലമുറകളെ രൂപപ്പെടുത്തുന്ന വലിയ ഉത്തരവാദിത്തമാണ് അധ്യാപകർക്കുള്ളതെന്നു സമൂഹത്തിന്റെ ഭാവിയും കെട്ടുറപ്പും നിലകൊള്ളുന്നതു വിദ്യാഭ്യാസത്തിലൂടെയാണെന്നും ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ പ്രഭാഷണത്തിൽ ഉദ്ബോധിപ്പിച്ചു. **(ദീപിക 18/3/2018)**

## ജീവനോടുള്ള അനാദരം സമൂഹ നിലനില്പിന് വെല്ലുവിളി

**ആർച്ചു ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**

**കൊച്ചി:** ജീവന്റെ സമഗ്ര സംരക്ഷണം

# കെസിബിസി, സിബിസിഐ പ്രസ്താവനകൾ, വാർത്തകൾ

ഇക്കാലഘട്ടത്തിന്റെ വലിയ ആവശ്യമാണെന്ന് തൃശൂർ അതിരൂപത ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ജീവനോടുള്ള അനാദരവ് അത് ഏതു മേഖലയിൽ ആണെങ്കിലും സമൂഹത്തിന്റെ നിലനില്പിനുതന്നെ വെല്ലുവിളി ഉയർത്തുന്നതാണ്. മരണത്തിനുപോലും സമയവും കാലവും നിശ്ചയിക്കാമെന്ന സുപ്രീംകോടതി വിധി ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ പ്രൊ-ലൈഫ് പ്രവർത്തനങ്ങളുടെ പ്രസക്തി ഏറെ



വർദ്ധിച്ചു വരുന്നു. തൃശൂർ മുണ്ടത്തിക്കോട് സ്നേഹാലയത്തിൽവച്ച് നടന്ന പ്രൊ-ലൈഫ് ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽവച്ച് മികച്ച പ്രൊ-ലൈഫ് പ്രവർത്തനങ്ങൾക്കുള്ള പ്രഥമ കെസിബിസി പ്രൊ-ലൈഫ് അവാർഡുകൾ താമരശേരി (സഭാത്മക കൂട്ടായ്മ), തൃശൂർ (രൂപതാതല പ്രവർത്തന മികവ്), കൊല്ലം (സാമൂഹ്യ മുന്നേറ്റങ്ങൾ) എന്നീ രൂപതകൾക്ക് വിതരണം ചെയ്തു. **(കെസിബിസി ഫാമിലി കമ്മീഷൻ, 25/3/2018)**

## വ്യക്തികൾ കൂട്ടായ്മയുടെ പ്രതീകമാണ്

**മാർ ജോസ് പുത്തൻവീട്ടിൽ**



**കൊച്ചി:** ഓരോ വ്യക്തിയും കൂട്ടായ്മയുടെ പ്രതീകമാണെന്നും ഇന്നത്തെ സമൂഹം വ്യക്തിബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാൻ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ടെന്നും എറണാകുളം അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ പറഞ്ഞു. കൂട്ടായ്മയിലൂടെയുള്ള ശക്തി, അത് സഭയിലാണെങ്കിലും സമൂഹത്തിലാണെങ്കിലും അപരിമേയമാണ് എന്നും അദ്ദേഹം പറഞ്ഞു. കേരള കത്തോലിക്കാസഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ നയത്തിയ 'അഖില കേരള ഏകസ്ഥ വനിതാ പ്രതിനിധിസംഗമം'(ബഥാനിയാ-2018) ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. **(കെസിബിസി ഫാമിലി കമ്മീഷൻ, 6/4/2018)**

## ഉജ്ജയിൻ പുഷ്പ ആശുപത്രി ആക്രമണം : സിബിസിഐ ആശങ്ക രേഖപ്പെടുത്തി

**ന്യൂഡൽഹി:** ഉജ്ജയിൻ രൂപത നടത്തുന്ന പുഷ്പ മിഷൻ ആശുപത്രിക്കു നേരെ ഈ മാസം 12-നു സാമൂഹ്യവിരുദ്ധർ നടത്തിയ ഹീനമായ ആക്രമണത്തെ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) അപലപിച്ചു. കഴിഞ്ഞ 44 വർഷങ്ങളായി പ്രദേശത്തെ പാവപ്പെട്ടവർക്കും ആലംബഹീനർക്കും ആതുരശുശ്രൂഷ നല്കിവരുന്ന ഉജ്ജയിൻ പുഷ്പ ആശുപത്രിക്കു നേരെ നടന്ന ആക്രമണത്തിൽ കടുത്ത വേദനയും ഉത്കണ്ഠയും രേഖപ്പെടുത്തുന്നതായി സിബിസിഐ പ്രസ്താവനയിൽ അറിയിച്ചു. മധ്യപ്രദേശ് സർക്കാരിന്റെ പ്രതിച്ഛായ തകർത്ത സംഭവമാണ് പുഷ്പ ആശുപത്രിക്കു നേരെ നടന്ന ആക്രമണം ഉജ്ജയിൻ രൂപതാ അധികൃതരും പുഷ്പമിഷൻ ആശുപത്രി അധികൃതരും രേഖാമൂലം പരാതി നല്കിയിട്ടും അക്രമികളിൽനിന്നു സംരക്ഷണം നല്കാത്ത സർക്കാർ അധികൃതരുടെ സമീപനം ആശങ്കയുളവാക്കുന്നു. 2017 ഡിസംബറിൽ സത്നയിൽ കരോൾ സംഘത്തിനു നേരേ നടന്ന ആക്രമണത്തിന്റെയും ഈ വർഷം ജനുവരിയിൽ വിദിശ സെന്റ് മേരീസ് കോളജിനു നേരേ നടന്ന ആക്രമണത്തിന്റെയും തുടർച്ചയാണ് ഉജ്ജയിൻ സംഭവം. **(ദീപിക 17/3/2018)**

**വിദ്യാഭ്യാസരംഗത്തെ കാവിവത്കരണം പ്രതികരിക്കേണ്ടത് അധ്യാപക ജാഗ്രതയിലൂടെ: രാംപുനിയാനി**

**കോഴിക്കോട്:** വിദ്യാഭ്യാസരംഗത്ത് കേന്ദ്രസർക്കാരിന്റെ പിന്തുണയോടെ ശക്തിപ്പെട്ട കാവിവത്കരണശ്രമങ്ങളെ ചെറുത്തു തോല്പ്പിക്കാൻ അധ്യാപകകൂട്ടായ്മകൾ ശക്തിപ്പെട്ടെങ്കിലേ സാധിക്കുവെന്ന് എഴുത്തുകാരൻ രാംപുനിയാനി പറഞ്ഞു. കെഎച്ച്എസ്ടിയു സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അധ്യാപകസമൂഹമാണ് ഭാവി സമൂഹത്തിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നത്. രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുന്ന മാറ്റങ്ങൾ അതീവ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്നതാണ്. രാഷ്ട്രീയത്തിൽ മതം അതിശക്തമായ ഇടപെടലുകൾ നടത്തുന്ന സാഹചര്യമാണ് ഇന്ത്യയിലുള്ളത്. എങ്ങനെ നല്ല മനുഷ്യനാകാം എന്ന വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപാഠത്തിനു പകരം എങ്ങനെ തങ്ങളുടെ ഇച്ഛകൾക്കൊത്ത ഒരു വിശ്വാസസമ്പ്രദായമുള്ള വിദ്യാർത്ഥി സമൂഹത്തെ ഉണ്ടാക്കാം എന്നതാണ് അധികാരശക്തി ആലോചിക്കുന്നത്. ആർ.എസ്.എസും സംഘ്പരിവാർ ശക്തികളും ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. ഉത്തരേന്ത്യയിലെ ഗ്രാമങ്ങളിൽ ഏകാധ്യാപകഗുരുകുലങ്ങൾ വ്യാപകമാക്കുകയാണ്. ഹിന്ദു നാഷണലിസ്റ്റ് രാഷ്ട്രീയത്തെ ശക്തിപ്പെടുത്താവുന്ന വിദ്യാഭ്യാസമാണ് അവരുടെ ആവശ്യം. എബിവിപിയടക്കമുള്ള വിവിധ സംഘസംഘടനകൾ ഈ രംഗത്ത് സജീവമാണ്. ജവഹർലാൽനെഹ്റു സർവകലാശാലയിലും ഹൈദരാബാദ് സർവകലാശാലയിലും നടന്ന സംഭവങ്ങൾ ഈ ശ്രമങ്ങളുടെ ബഹിർസ്ഫുരണങ്ങൾ മാത്രമാണ്. കരിക്കുലത്തിലെ മാറ്റം എന്നതുകൊണ്ട് കേന്ദ്രം ലക്ഷ്യമാക്കുന്നത് കാവിവത്കരണമാണ്.**(ചന്ദ്രിക, 4/3/2018)**

**തീരപരിപാലന നിയമം: പ്രതിസന്ധി ഉത്കണ്ഠയുണർത്തുന്നു: കെആർഎൽസിസി**

**കൊച്ചി:** തീരപരിപാലന നിയമത്തിൽ യഥാസമയത്തുള്ള നടപടികൾ സ്വീകരിക്കാതെ പുതിയ പ്രതിസന്ധി രൂപപ്പെടുത്തിയതിൽ കെആർഎൽസിസി രാഷ്ട്രീയകാര്യ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ മുമ്പിൽ തീരദേശവാസികളുടെ ഭവനനിർമാണത്തിനു തടസമാകുന്ന സിആർഇസഡ് വിജ്ഞാപനത്തിലെ അപാകതകൾ പലവട്ടം കെആർഎൽസിസിയും തീരജനതയും ഉയർത്തിക്കാണിച്ചതാണ്.

എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ 2017 മേയ് 31ന് പുറപ്പെടുവിച്ച ഉത്തരവിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ രൂപപ്പെടുത്താൻ എളുപ്പവഴികളാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ആലോചിക്കുന്നത്. കൃത്യമായ പഠനങ്ങളും നിഗമനങ്ങളുമില്ലാതെ നിർമാണ വിലക്കുള്ള മൂന്നാം സോണിൽ നിന്നു രണ്ടാം സോണിലേക്ക് പഞ്ചായത്ത് പ്രദേശങ്ങളെ മാറ്റുന്നതിനെക്കുറിച്ചുള്ള ആലോചനകൾ തീരം തീരദേശവാസികൾക്ക് നഷ്ടപ്പെടുത്തി ടൂറിസ്റ്റ് ലോബികൾക്ക് സ്വന്തമാക്കാനുള്ള സാഹചര്യമാണ് സൃഷ്ടിക്കുന്നത്. 200 മീറ്റർ വരെയുള്ള തീരം മത്സ്യത്തൊഴിലാളികളുടെയും പരമ്പരാഗത തീരദേശജനതയുടെയും ഉപയോഗത്തിനായി മാറ്റിവയ്ക്കപ്പെടണം. **(ദീപിക 13/3/2018)**

**ഫാസിസ്റ്റ് ശക്തികൾ മാധ്യമങ്ങളെയും സ്വാധീനിക്കുന്നു: പ്രശാന്ത് ഭൂഷൺ**

**കൊച്ചി:** ഫാസിസ്റ്റ് ശക്തികൾ രാജ്യത്ത് മാധ്യമരംഗത്തും സ്വാധീനമുറപ്പിക്കുന്ന പ്രവണത വർധിച്ചുവരികയാണെന്ന് സുപ്രീംകോടതിയിലെ പ്രമുഖ അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ. സമൂഹത്തിൽ തെറ്റിദ്ധാരണകൾ പരത്താൻ ഇത്തരം ശക്തികൾ മാധ്യമങ്ങളെ ഉപയോഗിക്കുന്നത് അപകടകരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. രാജ്യത്തിന്റെ ജനാധിപത്യം സംരക്ഷിക്കപ്പെടണമെന്നും ഇത് സംരക്ഷിക്കുന്നതിൽ മാധ്യമങ്ങൾക്കും ജുഡീഷ്യറിക്കും നിർണായക പങ്കാണുള്ളതെന്നും അദ്ദേഹം സൂചിപ്പിച്ചു. 'വർത്തമാന കാല ഇന്ത്യൻ ജനാധിപത്യത്തിലെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ തൃക്കാക്കര ഭാരതമാതാകോളജിൽ 15-മതു കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ജനാധിപത്യ മൂല്യങ്ങൾക്കു വിരുദ്ധമായ ചിന്തകൾ സമൂഹത്തിൽ പരത്തുന്നവർക്കെതിരെ ജാഗ്രത വേണം. നിഷ്പക്ഷമായി പ്രവർത്തിക്കുന്ന മാധ്യമങ്ങളെ നിശബ്ദരാക്കുന്ന പ്രവണതയുണ്ട്.

യുവജനങ്ങൾ രാജ്യത്തിന്റെ ഭാവിസമ്പത്തും പ്രതീക്ഷയുമാണ്. ജനാധിപത്യമൂല്യങ്ങളെ വ്യക്തമായി ഉൾക്കൊള്ളാനും പരിശീലിക്കാനും യുവജനങ്ങളെ സജ്ജരാക്കണം. എല്ലാ മേഖലയിലും ജനാധിപത്യത്തിന്റെ ശൈലിയാണുണ്ടാവേണ്ടത്. നിയമ നിർമാണ നീതിന്യായ സംവിധാനങ്ങളെപ്പോലെ സിഎജി, സിബിഐ, എൻഫോഴ്സ്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളും നിഷ്പക്ഷമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ടെന്നും പ്രശാന്ത് ഭൂഷൺ പറഞ്ഞു. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് സിറിയക് ജോസഫ് അധ്യക്ഷത വഹിച്ചു.**(ദീപിക, 18/3/2018)**

**സ്വയംഭരണാധികാര കോളജുകളിൽ സിലബസ്-പാഠ്യപദ്ധതി പരിഷ്കരണം സ്വയം ചെയ്യാം: ഹൈക്കോടതി**

**കൊച്ചി:** സ്വയംഭരണാധികാരമുള്ള കോളജുകളിൽ നിലവിലുള്ള കോഴ്സുകളുടെ സിലബസും പാഠ്യപദ്ധതിയും പരിഷ്കരിക്കാൻ സർവകലാശാലയുടെ അനുമതിവേണ്ടെന്നു ഹൈക്കോടതി. പാഠ്യപദ്ധതിയും സിലബസും സ്കീമും പരിഷ്കരിക്കാൻ കോളജിലെ അക്കാഡമിക് കൗൺസിലിന്റെ അനുമതി മതിയെന്നും സിംഗിൾ ബെഞ്ചിന്റെ വിധിയിൽ പറയുന്നു. **(ദീപിക, 22/3/2018)**

**ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ആയുധ പരിശീലനം തടയാൻ നിയമം: മുഖ്യമന്ത്രി**

**തിരുവനന്തപുരം:** ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ആയുധ പരിശീലനം തടയാൻ ആവശ്യമെങ്കിൽ നിയമനിർമാണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇക്കാര്യത്തിൽ പൊലീസ് ആക്ടിലെ വകുപ്പുകൾക്കനുസൃതമായി ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു. **(ചന്ദ്രിക, 22/3/2018)**

**ഇന്ത്യക്കാർ കൊല്ലപ്പെട്ട വിവരം മറച്ചുവച്ചത് അപലപനീയം: ജാഗ്രതാസമിതി**

**ചങ്ങനാശേരി:** ഇറാക്കിലെ മൊസൂളിൽ നിന്ന് 2014-ൽ തട്ടിക്കൊണ്ടുപോയ 39 ഇന്ത്യാക്കാരെ ഐ.എസ് ഭീകരർ കൊലപ്പെടുത്തിയ വിവരം കേന്ദ്ര ഗവൺമെന്റ് മറച്ചുവച്ചത് അത്യന്തം അപലപനീയമാണെന്നും അവരുടെ കുടുംബങ്ങളോട് കാണിച്ച കടുത്ത അനീതിയാണെന്നും ചങ്ങനാശേരി അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി. ഇവരുടെ മരണവിവരം സ്ഥിരീകരിക്കുന്നതിനും ഭൗതികശരീരം നാട്ടിൽ എത്തിക്കുന്നതിനും കഴിയാതെ പോയത് വലിയ വീഴ്ചയാണെന്നും യോഗം അഭിപ്രായപ്പെട്ടു. **(ദീപിക, 23/3/2018)**

**നോട്ടു നിരോധനത്തിനുശേഷം രണ്ടുലക്ഷം ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടി: ധനമന്ത്രി തോമസ് ഐസക്**

**തിരുവനന്തപുരം:** കേന്ദ്ര സർക്കാരിന്റെ നോട്ടു നിരോധനത്തിലൂടെ സംസ്ഥാനത്തു രണ്ടു ലക്ഷത്തോളം ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ടിവന്നതായി നിയമസഭയിൽ ധനമന്ത്രി തോമസ് ഐസക്. പത്തു ലക്ഷത്തോളം പേർക്കു തൊഴിൽ നഷ്ടപ്പെട്ടു. നിർമാണ മേഖലയേയും അസംഘടിത മേഖലയേയും നിരോധനം സാരമായി ബാധിച്ചതായി അദ്ദേഹം പറഞ്ഞു. **(ദീപിക, 23/3/2018)**

**ആറ് വർഷത്തിനിടെ ആത്മഹത്യ ചെയ്തത് 700ൽ അധികം സൈനികർ**

**ന്യൂഡൽഹി:** കഴിഞ്ഞ ആറ് വർഷത്തിനിടെ 700ൽ അധികം സൈനികർ ആത്മഹത്യ ചെയ്തതായി പാർലമെന്ററി പാനലിന് സമർപ്പിച്ച റിപ്പോർട്ടിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ഏറ്റുമുട്ടലുകളേക്കാൾ സൈനികരുടെ ജീവനെടുക്കുന്നത് ഇത്തരം ആത്മഹത്യകളാണ്. പ്രാദേശികമായ പ്രശ്നങ്ങളും ജോലിക്കിടയിലെ വിരസതയും വ്യക്തിപരമായ കാര്യങ്ങളുമാണ് സൈനികരെ ആത്മഹത്യകളിലെത്തിക്കുന്നതെന്നും മുതിർന്ന ബിജെപി നേതാവ് മുരളീ മനോഹർ ജോഷി പാർലമെന്ററി പാനലിന് മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. **(ജനയുഗം, 24/3/2018)**

**മൂലമ്പിള്ളിയിൽ കുടിയിറക്കപ്പെട്ടവരുടെ പരാതികൾ പരിഹരിക്കണം: ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**

**കൊച്ചി:** വല്ലാർപാടം പദ്ധതിക്കായി കുടിയിറക്കപ്പെട്ടവർക്കു വേണ്ടി നല്കിയ പുനരധിവാസ ഭൂമി കെട്ടിട നിർമാണത്തിന് ഉതകുന്ന രീതിയിൽ

ക്രമപ്പെടുത്തുകയോ സാമ്പത്തികമായ അവരുടെ പരാധീനതകളെ വേണ്ട വിധത്തിൽ പരിഹരിക്കുകയോ ചെയ്യണമെന്നു വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സർക്കാരിനോട് ആവശ്യപ്പെട്ടു. **(ദീപിക, 24/3/2018)**

### 40 വർഷത്തെ വൈദ്യസേവനത്തിന് മലയാളി കന്യാസ്ത്രീക്ക് യു.പി. സർക്കാരിന്റെ അവാർഡ്

**കൊച്ചി:** നാല്പ്പത് വർഷം മുമ്പ് മൗ എന്ന കൊച്ചു ഗ്രമത്തിലെത്തി സാധാരണക്കാരുടെ ഗുരുതരരോഗങ്ങൾക്ക് അഭയകേന്ദ്രമായി മാറിയ മലയാളി സിസ്റ്റർ ജൂഡിന് യു.പി. സർക്കാരിന്റെ പുരസ്കാരം. ത്സാൻസി റാണി വീര പുരസ്കാരം മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സിസ്റ്റർക്ക് സമ്മാനിച്ചു.

**(മാതൃഭൂമി, 8/4/21018)**

### സി.പി.എമ്മുകാർ കന്യാസ്ത്രീകളെപ്പോലെ ജനഹൃദയങ്ങളിലെത്തണം - കോടിയേരി ബാലകൃഷ്ണൻ

**ഒറ്റപ്പാലം:** സാന്ത്വനപരിചരണം നടത്തി കന്യാസ്ത്രീകൾ ജനഹൃദയങ്ങളിൽ സ്ഥാനം നേടുന്നതുപോലെ സി.പി.എം. പ്രവർത്തകരും ജനങ്ങളിലേക്കെത്തണമെന്ന് സി.പി.എം. സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. കാട്ടിലും മേട്ടിലുമുള്ള വീടുകളിലെത്തി ഏതു മാറാരോഗത്തിനും പരിചരണം നല്കുന്ന കന്യാസ്ത്രീകളെപ്പോലെയാകണം പ്രവർത്തകർ. സാന്ത്വനപരിചരണം രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമാകണം. ഒറ്റപ്പാലം ഏരിയ കമ്മിറ്റിയുടെ കീഴിലുള്ള ഇ. കെ. നായനാർ സ്മാരക സാന്ത്വനപരിചരണകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. **(മാതൃഭൂമി, 9/4/21018)**

### Right to convert is fundamental right of choice; Supreme Court

New Delhi: The Supreme Court held that a person's right to choose a religion and marry is an itrinsic part of her meaningful existence. Neither the state nor 'patriarchal supremacy' can interfere in her decision.The observations are part of the 61-page judgment published by the Supreme Court in the case of Hadiya, a 26-Year-old homeopathy student who converted to Islam and married a Muslim man.

In his separate but c oncurring opinion, Justice Chandrachud wrote: "Matters of belief and faith, including whether to believe, are at the core of constitutional liberty. The Consitution exists for believers as well as for agnostics". The court held that the Constitution protects the ability of each individual to pursue a way of life or faith to which she or he seeks to adhere. "Matters of dress and of food, of ideas and ideologies, of love and paartnership are within the central aspects of identity. Society has no role to play in determining our choice of partners," Justice Chandrachud wrote. **(The Hindu, 10/4/2018)**

## പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നതി സഭയുടെ ലക്ഷ്യം




**കൊച്ചി:** സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്നതാണ് സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളുടെ ആത്യന്തികമായ ലക്ഷ്യമെന്ന് സിബിസിഐ വൈസ് പ്രസിഡന്റ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അഭിപ്രായപ്പെട്ടു. "കേരള വികസനവും, ആദിവാസി ക്ഷേമവും" എന്ന വിഷയത്തെ ആസ്പദമാക്കി കേരള കാത്തലിക് ഫെഡറേഷനും ഐക്യജാഗ്രതാ കമ്മീഷനും സംയുക്തമായി മാർച്ചു മാസം 4-ാം തീയതി പാലാരിവട്ടം പിഒസിയിൽ നടത്തിയ സംവാദം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആദിവാസി, ദളിതർ, മത്സ്യതൊഴിലാളികൾ, കർഷകർ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കേരളത്തിന്റെ വികസന ഭൂപടത്തിൽ ഈ അടിസ്ഥാന ജനവിഭാഗങ്ങൾ എവിടെ നില്ക്കുന്നു എന്നു പരിശോധിക്കാൻ സർക്കാരിനും സമൂഹത്തിനും കടമയുണ്ട്. പട്ടിണിമരണം ഇന്നും ഒരു യാഥാർഥ്യമാണെന്ന് സമീപകാല സംഭവങ്ങൾ ഓർമിപ്പിക്കുന്നു. ആദിവാസി ഗോത്രസഭാ പ്രസിഡന്റ് എം. ഗീതാനന്ദൻ, കേരള ദളിത് മഹാജന സഭാ പ്രസിഡന്റ് സി.എസ്. മുരളി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ആദിവാസി ദളിത് സമൂഹങ്ങൾക്കു നേരെയുള്ള സാമുദായിക രാഷ്ട്രീയ അതിക്രമങ്ങൾ കേരള വികസനത്തിന്റെയും വിമോചന പോരാട്ടങ്ങളുടെയും ചരിത്രത്തിലെ ഇരുളടഞ്ഞ അധ്യായങ്ങളാണെന്നു ശ്രീ ഗീതാനന്ദൻ ചൂണ്ടിക്കാട്ടി. ദളിത് ആദിവാസി സമൂഹങ്ങളെ കൂടാതെയുള്ള കേരള വികസനം അപ്രായോഗികവും അംഗീകരിക്കാൻ കഴിയാത്തതും ആണ്. ജാതിബോധമാണ് കേരള രാഷ്ട്രീയത്തെ നയിക്കുന്നത്. ആദിവാസിക്ക് 3 സെന്റിൽ കൂടുതൽ ഭൂമി പാടില്ലെന്നുള്ളത് ജാതീയതയുടെ വീക്ഷണമാണെന്നും ആദിവാസികൾക്ക് സ്വയംഭരണ അവകാശം അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കാനും സംരക്ഷിക്കുവാനും നിയമങ്ങൾ ഉണ്ടാവണമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ പട്ടിണിക്കും ജനക്കൂട്ട അക്രമത്തിനും ജാതിയുണ്ടെന്നും ക്രൈസ്തവ സഭകൾപോലും ഇത്തരം മനോഭാവങ്ങളിൽനിന്നു സ്വതന്ത്രമല്ലെന്നും, ആസൂത്രണത്തിലെ ജാതീയമായ കാഴ്ചപ്പാടുകൾക്കു മാറ്റമുണ്ടാകണമെന്നും സി.എസ്. മുരളി ചൂണ്ടിക്കാട്ടി.

കെസിഎഫ് സംസ്ഥാന പ്രസിഡന്റ് ശ്രീ പി.കെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പിഒസി ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട്, അഡ്വ. ജസ്റ്റിൻ കരിപ്പാട്ട്, ഡോ. മേരി റെജീന, ജോസ് തോമസ്, അഡ്വ. വർഗീസ് കോയിക്കര, തോമസ് കുണിഞ്ഞി, അഡ്വ. ബിജു പറയന്നിലം, മോൻസൺ കെ. മാത്യു, അഡ്വ. ഷെറി ജെ. തോമസ്, ഷാജി ജോർജ് എന്നിവർ പ്രസംഗിച്ചു. ബാബു അത്തിപ്പൊഴിയിൽ, ഫാ. സാജു സിഎസ്ടി, ഫാ. മാത്യു ജേക്കബ് തിരുവാലിൽ, ബാബു കല്ലുങ്കൽ, ഇമ്മാനുവൽ മൈക്കിൾ, സണ്ണി കൊട്ടാരത്തിൽ തുടങ്ങിയവർ നേതൃത്വം നല്കി. **(കെസിബിസി, 4/3/2018)**